# ST.JOSEPH'S A.U.P.SCHOOL CHEMPANODA

## *ACADEMIC MASTER PLAN*

**സമഗ്ര ഗുണമേൻമ വിദ്യാഭ്യാസ പദ്ധതി**

# ഉണർവ്വ്

**2025 -2026**

# ഉള്ളടക്കം


1. അടിസ്ഥാന വിവരങ്ങൾ
2. ആമുഖം
3. പൊതുലക്ഷ്യങ്ങൾ
4. വിദ്യാലയ മികവിന്റെ കേന്ദ്രം കാഴ്ചപ്പാട്
5. പദ്ധതി രൂപീകരണ പ്രക്രിയ
6. ഘട്ടങ്ങൾ
7. നിലവിലെ അവസ്ഥാ വിശകലനം
8. പദ്ധതി വിശദാംശങ്ങൾ
9. അനുബന്ധം
10. ഉപസംഹാരം

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | സെന്റ് ജോസഫ്സ് എ.യു.പി.സ്കൂൾ ചെമ്പനോട് |
| വിലാസം | : | ചെമ്പനോട (പി.ഒ)<br>പെരുവണ്ണാമൂഴി (വഴി)<br>കോഴിക്കോട്<br>പിൻ -673528 |
| ഫോൺ | : | 0496 2666919 |
| സ്കൂൾ കോഡ് | : | 47667 |
| വിദ്യാഭ്യാസ ഉപജില്ല | : | താമരശ്ശേരി |
| റവന്യൂ ജില്ല | : | കോഴിക്കോട് |
| ബി.ആർ.സി | : | പേരാമ്പ്ര |
| സി.ആർ.സി | : | ചക്കിട്ടപ്പാറ |
| ഗ്രാമപഞ്ചായത്ത് | : | ചക്കിട്ടപ്പാറ(2-ാം വാർഡ്) |
| ബ്ലോക്ക് പഞ്ചായത്ത് | : | പേരാമ്പ്ര(മുതുകാട് ഡിവിഷൻ ) |
| ജില്ല പഞ്ചായത്ത് | : | കോഴിക്കോട് (പേരാമ്പ്ര ഡിവിഷൻ) |
| നിയമസഭ മണ്ഡലം | : | പേരാമ്പ്ര |
| ലോകസഭാ മണ്ഡലം | : | വടകര |
| താലൂക്ക് | : | കൊയിലാണ്ടി |
| വില്ലേജ് | : | ചെമ്പനോട |
| ഇ-മെയിൽ | : | chempanodaups@gmail.com |

# ആമുഖം

ചെമ്പനോടയുടെ അഭിമാനസ്തംഭമായി വിരാജിക്കുന്ന സെന്റ് ജോസഫ്സ് എ.യു.പി സ്കൂൾ മലയോര മേഖലയുടെ തിലകക്കുറിയാണ് . വന്യമൃഗങ്ങളോടും, മാരകരോഗങ്ങളോടും മല്ലിട്ട് കുന്നും മലയും കാടും നിറഞ്ഞുനിന്നിരുന്ന ഈ പ്രദേശത്തിന് ഇന്ന് കാണുന്ന സുന്ദരമായ മുഖഛായ നൽകുന്നതിന് കഠിനാദ്ധ്വാനം ചെയ്ത കുടിയേറ്റ ജനതയുടെ ദീർഘ വീക്ഷണത്തിന്റെ ഉത്തമ ഉദാഹരണമാണ് ഈ സരസ്വതീ ക്ഷേത്രം.

1948 ൽ പുല്ലുമേഞ്ഞ പള്ളിഷെഡിന് ഒരു ചായ്പുണ്ടാക്കി ചാണകം മെഴുകിയ തറയിൽ ഇരുത്തി ഒന്നാം ക്ലാസ് മുതൽ അഞ്ചാം ക്ലാസ് വരെയുള്ള കുട്ടികളെ സുദീർഘമായ അഞ്ച് വർഷക്കാലം അക്ഷരം പഠിപ്പിച്ചത് സിറിയക് മഹാപിള്ള എന്ന ഗുരുഭൂതനായിരുന്നു.

1953 ജൂൺ 15 ന് ഫാദർ ജോസഫ് കടുത്തൂർ മാനേജരായും, കെ.ആർ.ചെറിയാൻ ഹെഡ്മാസ്റ്ററായും സെന്റ് ജോസഫ്സ് എൽ.പി.സ്കൂൾ പ്രവർത്തനം ആരംഭിച്ചു. ജോസഫീന തോമസാണ് ആദ്യത്തെ അധ്യാപികയായി സേവനം അനുഷ്ഠിച്ചത്.

താമരശ്ശേരി കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ളതും പേരാമ്പ്ര ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അധികാര പരിധിയിലുള്ളതുമായ ഈ വിദ്യാലയം പഠന പാഠ്യേതര പ്രവർത്തനങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്നു.

| വിദ്യാർത്ഥികൾ | | | അധ്യാപകർ | അനധ്യാപകർ | ക്ലാസുകൾ |
|---|---|---|---|---|---|
| ആകെ | Boy | Girl | Staff | Non | ആകെ ക്ലാസ് |
| | | | | | |

കുട്ടികളുടെ സർവ്വതോന്മുഖമായ വളർച്ചയെ ലക്ഷ്യമാക്കിയുള്ള പ്രവർത്തനരീതിയാണ് വിദ്യാലയത്തിൽ അനുവർത്തിക്കുന്നത്. സ്കൂളിന്റെ പ്രാരംഭദശയിൽ തുടങ്ങിയ വാർഷിക ആഘോഷങ്ങൾ ഒരു ജനതയുടേതായിക്കഴിഞ്ഞിരിക്കുന്നു.

കലാകായിക രംഗങ്ങളിൽ ഏറെ പരിമിതികൾ വിദ്യാർത്ഥികൾക്ക് മുന്നിൽ ഉണ്ടെങ്കിലും പകച്ചു നിൽക്കാതെ ഉപജില്ലാ, ജില്ലാതലങ്ങളിൽ ശ്രദ്ധേയമായ പ്രകടനം കാഴ്ച വച്ചു വരുന്നു.

# പൊതുലക്ഷ്യങ്ങൾ

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ഓരോ സ്കൂളുകളും മികവിന്റെ കേന്ദ്രങ്ങളാവുകയാണ്. പുസ്തകത്തിൽ നിന്നും ലഭിക്കുന്ന അറിവിനെ സമകാലിക ജീവിത യാഥാർത്ഥ്യത്തോട് കൂട്ടിയിണക്കുവാൻ കുട്ടിയെ പ്രാപ്തനാക്കുക എന്നത് ഏറെ ശ്ലാഘനീയമായ പ്രവർത്തനമാണ്. ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെ (2005) നിർദ്ദേശങ്ങളും, പ്രക്രിയാബന്ധിതവും പ്രവർത്തനങ്ങളിലൂന്നിയുള്ളതും ശിശുകേന്ദ്രീകൃതവുമായ പഠനമാണ് ക്ലാസ്സ് റൂമിൽ നല്കേണ്ടതെന്ന വിദ്യാഭ്യാസ അവകാശ നിയമം (2009) മുന്നോട്ടുവെക്കുന്ന ആശയങ്ങളിലും ഊന്നിനിന്നു കൊണ്ടുള്ള ലക്ഷ്യങ്ങളാണ് ചുവടെ:-

1. വിദ്യാലയത്തിനെ മികവിന്റെ കേന്ദ്രമാക്കുക.
2. അതത് ക്ലാസുകളിൽ കൂട്ടി ആർജ്ജിക്കേണ്ട ശേഷികളും ധാരണകളും നൈപുണികളും നേടാൻ കുട്ടികളെ പ്രാപതരാക്കുക.
3. പഠനത്തിൽ പിന്നോക്കക്കാരെ കണ്ടെത്തി അവർക്ക് വേണ്ടി വൈവിധ്യപൂർണമായ പരിപാടികൾ സൃഷ്ട്ടിക്കുക.
4. കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക.
5. ഗവേഷണാത്മക പഠനത്തിന് അവസരം ഒരുക്കുക.
6. എല്ലാ കുട്ടികൾക്കും എല്ലാ മേഖലയിൽ നിന്നും അനുഭവം കിട്ടുന്ന രീതിയിലുള്ള മികവ്
7. ലഹരിവിമുക്തമായ പുതിയ തലമുറയെ വളർത്തിയെടുക്കുക.
8. ICT പഠനത്തിന് ആവശ്യമായ അക്കാദമിക ഭൗതിക മികവ് നേടുക.
9. ജൈവ വൈവിധ്യ ഉദ്യാനം എന്ന ആശയം നടപ്പിലാക്കുക.
10. പ്ലാസ്റ്റിക് വിമുക്ത - ലഹരിമുക്ത വിദ്യാലയാന്തരീക്ഷം സൃഷ്ടിക്കുക.
11. കുട്ടികൾക്കായി ഗൈഡൻസ്, കൗൺസിലിങ്ങ് സംവിധാനങ്ങളൊരുക്കുക.
12. ആഹ്ലാദം നിറഞ്ഞതും ആനന്ദപൂരിതവുമായ ചുറ്റുപാടിൽ കുട്ടികൾക്ക് അറിവ് പകർന്നു നല്കുക. വിദ്യാലയാന്തരീക്ഷം തികച്ചും സൗഹൃദപരമാക്കുക.
13. കലാകായിക പ്രവൃത്തി പരിചയമികവ് ഉറപ്പുവരുത്തുന്നതിനായി കുട്ടികൾക്ക് മാനസികവും ഭൗതികവുമായുള്ള സൗകര്യങ്ങൾ ഉറപ്പുവരുത്തുക.

# വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

- ശിശുകേന്ദ്രീകൃതമായ വിദ്യാലയ അന്തരീക്ഷം സൃഷ്ടിച്ചെടുക്കുക.
- ഭിന്നശേഷിക്കാർക്കും പഠനപിന്നോക്കം നിൽക്കുന്നവർക്കും പ്രത്യേകം പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.
- കുട്ടികളിൽ പാരിസ്ഥിതിക അവബോധം സൃഷ്ടിച്ചെടുക്കുക.
- മൂല്യബോധമുള്ള തലമുറയെ സൃഷ്ടിച്ചെടുക്കുക.
- വിദ്യാലയത്തിന്റെ സമസ്ത മേഖലകളിലും ജനകീയ പങ്കാളിത്തം ഉറപ്പാക്കുക.
- സമ്പൂർണ്ണ ശുചിത്വം, പ്ലാസ്റ്റിക്, കീടനാശിനിമുക്ത ക്യാമ്പസ് സൃഷ്ടിക്കുക.
- കുട്ടികളുടെ അവകാശനിയമങ്ങളും വിദ്യാഭ്യാസ അവകാശനിയമവും പരിപൂർണ്ണമായി നടപ്പാക്കുന്ന ഒരു വിദ്യാലയമായി മാറ്റുക.
- ലൈബ്രറി, ലാബ് പോലെയുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിലൂടെ സ്വയം പഠനാന്തരീക്ഷം സൃഷ്ടിക്കുക.
- ഗവേഷണാത്മക പഠനത്തിന് അവസരമൊരുക്കുക.
- കുട്ടികളുടെ മാനസികവും ശാരീരികവുമായ പ്രയാസങ്ങൾ തത്സമയം പരിഹരിക്കുന്നതിന് ഉള്ള മാർഗ്ഗങ്ങൾ സൃഷ്ടിക്കുക.
- കാലോചിതമായി ദീർഘവീക്ഷണത്തോടെയുള്ള കാഴ്ചപ്പാടിലൂടെ ആധുനിക സാങ്കേതികവിദ്യ അധ്യയനത്തിനായി ഒരുക്കുക.

# പദ്ധതി രൂപീകരണ പ്രക്രിയ

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി വിദ്യാലയത്തിൽ വികസന കാഴ്ചപ്പാട് രൂപീകരിക്കുന്നതിനും സ്കൂൾ സമഗ്ര വികസനരേഖ തയ്യാറാക്കുന്നതിനുമായി മുഴുവൻ സ്റ്റാഫ് അംഗങ്ങളുടെയും ഒരു ആലോചനായോഗം 19/05/2025 ന് വിളിച്ചുചേർത്തു. സമൂഹത്തിന്റെ സമസ്ത മേഖലയിൽനിന്നുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വാംശീകരിച്ചുകൊണ്ടു വേണം വികസന കാഴ്ചപ്പാട് രൂപീകരിക്കേണ്ടതെന്ന പൊതുവികാരത്തിന്റെ അടിസ്ഥാനത്തിൽ തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് ഏകോപിപ്പിക്കുന്നതിനായി അധ്യാപകരിൽ നിന്നും ഒരു ഏഴ് അംഗ കമ്മറ്റി രൂപീകരിച്ചു.

**കമ്മറ്റി അംഗങ്ങൾ**

- ജോളി വർഗീസ് (പ്രധാന അധ്യാപിക)
- സൽമോൻ എം.ജോസ് (എസ്.ആർ.ജി കൺവീനർ)
- സി.ലിനി ലോപ്പസ് (സീനിയർ അസിസ്റ്റന്റ്)
- വിപിൻ തോമസ് (പി.ടി.എ പ്രസിഡണ്ട്)
- രസിത ആർ
- ലൈസ ജോർജ്ജ് (വാർഡ് മെമ്പർ )
- ബെറ്റീന എം.എൽ

## പദ്ധതി രൂപീകരണ പ്രക്രിയ -
## വിവിധ ഘട്ടങ്ങൾ

1 എസ്.ആർ.ജി. യോഗത്തിൽ വിദ്യാലയ വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും

2. അക്കാദമികമായ കരട് രൂപരേഖ തയ്യാറാക്കൽ

3. കരട് രൂപരേഖ SRG, SMC, PTA, MPTA ജനപ്രതിനിധികൾ തുടങ്ങിയവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ

4. പി.ടി.എ. നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതിരേഖ തയ്യാറാക്കൽ

5. ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ

# നിലവിലെ അവസ്ഥാ വിശകലനം

## ഭൗതിക നേട്ടങ്ങൾ

1. അടച്ചുറപ്പുള്ള ക്ലാസ് മുറികൾ
2. വൃത്തിയും സൗകര്യവുമുള്ള ശൗചാലയങ്ങൾ
3. പ്രകൃതി രമണീയമായ ചുറ്റുപാട്
4. ആരോഗ്യസംരക്ഷണത്തിന് മുതൽക്കൂട്ടായി ശുദ്ധജലലഭ്യത
5. സൗഹൃദപരമായതും അപകടരഹിതവുമായ കളിസ്ഥലങ്ങൾ
6. വിശാലമായ വിദ്യാലയ അങ്കണം
7. ആധുനിക സാങ്കേതിവിദ്യ വിദ്യാർത്ഥികളിലേക്ക് പകരാൻ IT ലാബ്
8. വായനയുടെ ഗഹനമായ ലോകത്ത് വിദ്യാർത്ഥികളെ കൈപിടിച്ചുയർത്താൻ സജ്ജമായ സ്കൂൾ ലൈബ്രറി
9. പരീക്ഷണാത്മക പ്രവർത്തനങ്ങൾക്കായി ലാബ് (ശാസ്ത്രലാബ്)
10. ഗണിത താൽപര്യം കുട്ടികളിൽ ഉണർത്താൻ ഗണിത ലാബ്
11. ചുറ്റുമതിലുണ്ട്, കവാടമുണ്ട്
12. കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്കായി വിശാലമായ സ്കൂൾ ഓഡിറ്റോറിയം

**ഭൗതികം - പോരായ്മകൾ**

1. ശാസ്ത്രലാബ്, ഗണിതലാബ് എന്നിവയ്ക്ക് മതിയായ സൗകര്യമുള്ള മുറികളില്ല.
2. ജൈവ വൈവിധ്യപാർക്ക് പൂർത്തിയായിട്ടില്ല.
3. ആകർഷകമായ പൂന്തോട്ടത്തിന്റെ അഭാവം

**അക്കാദമികം നേട്ടങ്ങൾ**

1. എൽ.എസ്.എസ്., യു.എസ്.എസ്. പരീക്ഷയിൽ മികച്ച നേട്ടം.
2. പ്രവർത്തി പരിചയമേളയിൽ ജില്ലാ സംസ്ഥാന തലങ്ങളിൽ അഭിമാനാർഹമായ നേട്ടങ്ങൾ
3. ക്വിസ് മത്സരങ്ങളിൽ മികച്ച പ്രകടനം
4. ജെ.ആർ.സി. യൂണിറ്റ് ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുന്നു.
5. സഞ്ചയിക മികച്ച രീതിയിൽ നടത്തപ്പെടുന്നു.
6. ലൈബ്രറി സംവിധാനം സുശക്തമാണ്.
7. വർഷാന്ത്യത്തിൽ ഒരു കൈയ്യെഴുത്തു മാസിക പ്രകാശന കർമ്മം.

**അക്കാദമികം -പരിമിതികൾ**

1 കലാകായിക പരിശീലനത്തിന് അദ്ധ്യാപകരുടെ പൂർണ്ണ സമയസേവനം ലഭ്യമാകുന്നില്ല.

2. ലബോറട്ടറികൾ നവീകരിക്കേണ്ടതുണ്ട്.

4. ഭിന്നനിലവാരക്കാരുടെ പഠനപ്രവർത്തനങ്ങൾക്കും ശാരീരികവും മാനസികവുമായി വികസിപ്പിക്കുന്നതിന് ആവശ്യമായ റിസോഴ്സ് റൂം സ്കൂളിൽ ഇല്ല.

# പദ്ധതി വിശദാംശങ്ങൾ

# അക്കാദമിക മാസ്റ്റർ പ്ലാൻ
# എൽ.പി

# അക്കാദമിക മാസ്റ്റർ പ്ലാൻ
## ക്ലാസ് -1

## പ്രവർത്തന കലണ്ടർ

| ക്രമനമ്പർ | പരിപാടിയുടെ പേര് | കാലം |
|---|---|---|
| 1. | പാട്ടരങ്ങ് | ജൂൺ- മാർച്ച് |
| 2. | സംയുക്ത ഡയറി | ജൂൺ- മാർച്ച് |
| 3. | വായനോത്സവം | ജൂൺ - മാർച്ച് |
| 4. | കഥോത്സവം | ഡിസംബർ - മാർച്ച് |
| 5. | നിർമ്മാണ ശില്പശാല | ആഗസ്ത് |
| 6. | രചനോത്സവം | ജനുവരി- മാർച്ച് |
| 7. | വിലയിരുത്തൽ | ജൂൺ- മാർച്ച് |

**പാട്ടരങ്ങ് (ജൂൺ- മാർച്ച്)**

**ഉപലക്ഷ്യങ്ങൾ**

ഭാഷാ പഠനവുമായി ബന്ധപ്പെട്ട് പാട്ടിന് വളരെ പ്രാധാന്യമുണ്ട്. താളാത്മകമായ ഭാഷ ആശയാവതരണ രീതി പ്രകാരമുള്ള ഭാഷാ പഠനത്തെ സ്വാധീനിക്കുന്ന ഘടകങ്ങളിലൊന്നാണ്. കുട്ടികളിലെ താളബോധവികാസത്തിനും പാഠ്യപദ്ധതി ഊന്നൽ നൽകുന്നു. വൈവിധ്യമുള്ള പാട്ടുകൾ പരിചയപ്പെടുന്നതിനും അവ ചെറുസദസ്സിനുമുമ്പാകെ അവതരിപ്പിക്കുന്നതിനും കുട്ടികൾക്ക് അവസരം ഒരുക്കുന്ന പാട്ടരങ്ങ് ഈ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പ്രവർത്തനമാണ്.

**പ്രവർത്തനഘട്ടങ്ങൾ**

- ♦ പാട്ടരങ്ങുകളിൽ അവതരിപ്പിക്കുന്നു. താളത്തിനനുസരിച്ച് ശരീരചലനത്തിലൂടെ ആകർഷകമായി ചൊല്ലുന്നു.
- ♦ ചെറുസദസ്സുകളിൽ കഥകൾ, പാട്ടുകൾ, കവിതകൾ, അഭിനയഗാനങ്ങൾ എന്നിവ സംഘമായും ഒറ്റയ്ക്കും കൂട്ടായി രൂപപ്പെടുത്തിയ മാനദണ്ഡങ്ങൾ പ്രകാരം ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- ♦ ചൊല്ലിക്കേൾക്കുന്ന പാട്ടുകൾ ഈണവും താളവും പാലിച്ചുകൊണ്ട് ഏറ്റ് ചൊല്ലുന്നു.
- ♦ ചൊല്ലികേൾക്കുന്ന പാട്ടുകൾ കൈകൾ കൊട്ടി താളാത്മകമായി അവതരിപ്പിക്കുന്നു.

- പാഠപുസ്തകത്തിലെ പാട്ടുകൾ വരികളും വായ്ത്താരികളും താളത്തോടെ ചൊല്ലുന്നു.
- സന്ദർഭം ആവശ്യപ്പെടുന്ന തരത്തിലുള്ള താളത്തോട് പൊരുത്തപ്പെടുന്ന വിധത്തിൽ പുതിയ വാക്കുകളും വരികളും കൂട്ടിച്ചേർത്ത് പാടാൻ കഴിവുനേടുന്നു.

**സംയുക്തഡയറി (ജൂൺ- മാർച്ച്)**

- 2023-2024 അക്കാദമിക വർഷം കേരളത്തിലെ ഒന്നാം ക്ലാസിൽ നടപ്പിലാക്കി വിജയം കണ്ട പരിപാടിയാണിത്.

**ഉപലക്ഷ്യങ്ങൾ**

- കുട്ടിയുടെ സ്വതന്ത്രരചനാശേഷി വികസിപ്പിക്കുക.
- പരിചയിച്ച അക്ഷരങ്ങൾ പുതിയ രചനാസന്ദർഭങ്ങളിൽ നിരന്തരം പ്രയോഗിക്കാൻ അവസരം ഒരുക്കുക.
- ചിത്രങ്ങൾ സഹിതം ചെറുവാക്യങ്ങൾ രേഖപ്പെടുത്തുക.
- തനിച്ചെഴുത്തിലേക്ക് വഴിയൊരുക്കുക.

**പ്രവർത്തനഘട്ടങ്ങൾ**

- ക്ലാസ് പി.ടി.എ യോഗം വിളിച്ച് പ്രക്രിയ ബോധ്യപ്പെടുത്തുക.
- അച്ചടിച്ച ഡയറി കാണുവാൻ അവസരം ഒരുക്കൽ
- ഡയറി എഴുതുന്നതിനായി ഒരു നോട്ട് ബുക്ക് ഉറപ്പാക്കൽ
- സംയുക്ത ഡയറിയിലെ പുരോഗതി വിലയിരുത്തൽ.
- ഓരോ കുട്ടിയുടെയും ഡയറിയിൽ നിന്ന് അച്ചടിക്കേണ്ട ഇനം തിരഞ്ഞെടുക്കൽ.
- ഡയറി പ്രകാശനം.
- ഡയറി പ്രകാശനരീതിയും തിയ്യതിയും മുന്നൊരുക്കം നടത്തുന്നു.

**വായനോത്സവം**

- വായനോത്സവത്തിന് ഭാഗമായി സംയുക്ത വായനയിൽ തുടങ്ങി ബാലസാഹിത്യ കൃതികളുടെ വായനയിൽ അവസാനിക്കുന്ന പ്രവർത്തനങ്ങളാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കി മാറ്റുക എന്നതാണ് ഈ പ്രവർത്തനത്തിന്റെ ലക്ഷ്യം.

## പ്രവർത്തനഘട്ടങ്ങൾ

**ജൂൺ**

- ക്ലാസ് ലൈബ്രറി ക്രമീകരിക്കൽ

**ജൂലൈ**

- ഓരോ കുട്ടിയും ഒരു പുസ്തകം നൽകുന്നു.
- അമ്മ വായിച്ച കഥ പറഞ്ഞുകേൾക്കുന്നു.
- കഥയിലുള്ള കഥാപാത്രങ്ങളെ ചിത്രീകരിക്കൽ.

**ആഗസ്ത് – നവംബർ**

- കഥാപുസ്തകം നൽകുന്നു. കുട്ടിചിത്രം നോക്കി കഥാപാത്രം പറയുന്നു.
- അമ്മ കഥ വായിക്കുന്നു. ബാക്കി കഥാസന്ദർഭം നോക്കി കുട്ടി കഥ പറയുന്നു.
- ക്ലാസ് പി.ടി.എ അവതരണം.

**ഡിസംബർ – ഫെബ്രുവരി**

- പുസ്തകം നോക്കി കുട്ടി തനിയെ വായിക്കാൻ ശ്രമിക്കുന്നു.
- ക്ലാസ് പി.ടി.എ യിൽ പുസ്തകം നോക്കി കഥവായിക്കൽ

**മാർച്ച്**

- ക്ലാസ് പി.ടി.എയിൽ പുസ്തകം പരിചയപ്പെടൽ
- അവതരണം

**നിർമ്മാണ ശില്പശാല**

- പ്രവൃത്തി പരിചയവും ഭാഷയും ഉദ്ഗ്രഥിച്ചുള്ള പ്രവർത്തനമാണിത്. മൂന്നാം യൂണിറ്റുമായി ബന്ധപ്പെട്ടാണ് നിർമ്മാണ ശില്പശാല നടത്തുന്നത്.

**പ്രവർത്തനഘട്ടം**

- ക്ലാസ് പി.ടി.എയിൽ കളിപ്പാട്ട നിർമ്മാണശാലയുടെ പ്രസക്തി ബോധ്യപ്പെടുത്തൽ
- ഇനങ്ങൾ തീരുമാനിക്കൽ
- വൈദഗ്ധ്യമുള്ളവ കണ്ടെത്തൽ

- രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പിക്കൽ
- തിയ്യതി തീരുമാനിക്കൽ, ഉദ്ഘാടനചടങ്ങ്, പ്രചരണം.

**രചനോത്സവം**

- തുറന്ന പാഠങ്ങളും ചലനാത്മക ചിത്രങ്ങളും പ്രയോജനപ്പെടുത്തി കുട്ടികളുടെ ഭാവന ഉണർത്തി രചനയിലേക്ക് നയിക്കണം രചനകളിലെ വൈവിധ്യം മറ്റു കുട്ടികളുടെ സൃഷ്ടികൾ വായിക്കുന്നതിന് പ്രേരിപ്പിക്കും.

**ഉപലക്ഷ്യങ്ങൾ**

- കുട്ടികളുടെ സർഗാത്മകശേഷി വിജയിപ്പിക്കുന്നതിന് സമുഹവുമായി ബന്ധപ്പെട്ട് രചനകൾ പങ്കിടുക.
- അനുയോജ്യമായ ചിത്രം വരച്ച് രചനയെ ആകർഷകമാക്കുക.

**പ്രവർത്തനഘട്ടങ്ങൾ**

- ഭാവന ഉണർത്തുന്ന ചലനാത്മക ചിത്രങ്ങൾ തെരഞ്ഞെടുക്കൽ
- വിലയിരുത്തൽ

**ഉപലക്ഷ്യങ്ങൾ**

- സ്വയം വിലയിരുത്തൽ നടത്തൽ
- പരസ്പരം വിലയിരുത്തൽ നടത്തിയ മെച്ചപ്പെടുത്തൽ
- അധ്യാപകയുടെ വിലയിരുത്തൽ പിന്നോക്കം നിൽക്കുന്ന കുട്ടിയെ പരിഗണിക്കൽ

**പ്രവർത്തനഘട്ടങ്ങൾ**

- സ്വയം വിലയിരുത്തൽ
- പരസ്പരം വിലയിരുത്തൽ
- മെച്ചപ്പെടുത്താനുള്ള നിർദ്ദേശം നൽകൽ
- വിലയിരുത്തുന്നതിനുള്ള സൂചകങ്ങൾ വികസിപ്പിക്കൽ
- അധ്യാപകരുടെ വിലയിരുത്തൽ
- രക്ഷിതാക്കളുടെ വിലയിരുത്തൽ

# ഗണിതം

**ഉപലക്ഷ്യങ്ങൾ**

- ഗണിതം പഠനം കൂടുതൽ ആസ്വാദ്യകരമാക്കി തീർക്കുക.
- വസ്തുക്കളെ ഗണിതാശയങ്ങൾ ഉൾപ്പെടുത്തി അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനുമുള്ള കഴിവ്.
- സംഖ്യാബോധം , സങ്കലനം, വ്യവകലനം തുടങ്ങിയ പഠനനേട്ടം ലക്ഷ്യം വെച്ചുകൊണ്ടുള്ള പ്രവരർത്തനങ്ങൾക്കു മുൻതൂക്കം.
- ഗണിത കേളികൾ
- മഞ്ചാടിസഞ്ചി
- എന്റെ കുഞ്ഞുപുസ്തകം

# ENGLISH

**Sub Objectives**

- All learners get interested in English learning.
- Listen to narrative and teacher talks and show signs of understanding verbally.
- All learners are able to associate the elicited text with those in the textbooks.
- Familiarise with English words denoting vehicles, animals and birds.
- Able to describe familiar of objects orally stating physical attributes such as size, colour etc...
- Familiaries with rhythym and pattern of songs.

**Activities**.

- Engaging learners in English learning by using puppets to tell stories and making the session interactive by having students ask answer questions.
- Engaging learners in activities by playing games like "Simon says, Red light, Green light, Duck duck goose" with an English twist to keep them engaged.
- Helping learners describe familiar objects by having students draw an object and describe it using words for size and colour.

  Eg. My balls is big and red.

# അക്കാദമിക മാസ്റ്റർ പ്ലാൻ
# ക്ലാസ് -2

# മലയാളം

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്മല മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകി കൊണ്ട് ഓരോ കുട്ടിയുടേയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം. അതാണ് ലക്ഷ്യം.

**പ്രവർത്തന ലക്ഷ്യങ്ങൾ**

1. രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
2. രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
3. ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
4. ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ്സിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.
5. വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.
6. ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.
7. ആശയം, ഈണം താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. (കവിതാ പൂരണം).

**മുന്നൊരുക്കം**

- ♦ പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.
- ♦ കുട്ടിയുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്തുണ കുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

**പ്രവർത്തന ലക്ഷ്യം**

രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

- ♦ ചിത്രക്കാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട്)
- ♦ ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ
- ♦ വായനാ സാമഗ്രികൾ നിർമിക്കൽ

- വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

**ജൂലൈ**

- ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.
- സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

**ആഗസ്ത്**

- ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ
- രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ
- വീട്ടു ലൈബ്രറി ഒരുക്കൽ
- ചിത്ര വിവരണം
- വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു.

**സെപ്റ്റംബർ**

- വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ
- വായിച്ചകഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ
- വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ
- വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്ക്കാരം ചെയ്യൽ

**ഒക്ടോബർ**

- കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ.
- വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കൽ വേണ്ടുന്ന മുൻഗണന നൽകുന്നു.

ഉദാ.ആന

- വലിയ ആന
- കറുത്ത വലിയ ആന

**നവംബർ**

- കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.

**ഡിസംബർ**

- ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.
- ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗതമാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

**ജനുവരി**

- വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ (കവിതാപൂരണം)
- ലഘുവിവരണങ്ങൾ, പ്രത്യേകത

**ഫെബ്രുവരി**

- എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ (ഭാഷണം, ലേഖനം, എഴുത്ത്)
- കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ

**മാർച്ച്**

- വ്യക്തിഗതരചനയെ പ്രോത്സാഹിപ്പിക്കൽ
- ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ
- വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, അമ്മ വായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
- ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ.

# ഗണിതം

**ആമുഖം**

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് "ഉല്ലാസ ഗണിതം"പദ്ധതിയും മുന്നോട്ടു വന്നത്. ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തനത്തിലും തത്പരമായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക തന്നെയാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.

**പ്രവർത്തന ലക്ഷ്യങ്ങൾ**

- ♦ രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം, വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.
- ♦ സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.
- ♦ ഗണിതക്കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ
- ♦ ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു. എഴുതുന്നു. (100 ൽ താഴെ)
- ♦ ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ
- ♦ പ്രായോഗികഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ

**മുന്നൊരുക്കം**

- ♦ ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

**പ്രവർത്തന ലക്ഷ്യം**

- ♦ പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ

**ജൂൺ**

1,2,3,4

1,3,5,7...

10,20,30,40,....

5,10,15,20....

2,4,6,8... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ

ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും 1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ.

**ജൂലൈ**

- ♦ ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.
- ♦ ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ
- ♦ പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ
- ♦ (5+5=10, 10+10=20)

**ആഗസ്റ്റ്**

- ♦ വിവിധ പാറ്റേണുകൾ രൂപീകരിക്കൽ
- ♦ സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ
- ♦ 99 നോട് 1 കൂട്ടിയാൽ 100
- ♦ 10 പത്തുകൾ ചേർന്നാൽ 100 ആകും
- ♦ 100 ഒന്നുകൾ ചേർന്നതാണ് 100
- ♦ ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ

**സെപ്റ്റംബർ**

- ♦ ഗണിതക്കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ
- ♦ വിലവിവരപട്ടിക തയ്യാറാക്കൽ
- ♦ ക്ലാസിലൊരുകട, സ്കൂളിലൊരു കട. ഗണിതാശയങ്ങൾ പ്രായോഗികരീതിയിലൂടെ ഉറപ്പിക്കുന്നു.

**ഒക്ടോബർ**

- ♦ രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗികപ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു
- ♦ സങ്കലന വ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ

- സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ (പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ, പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ)

  5...10.... 15.... 20... 25

  (5 വീതം കൂട്ടിയാൽ പ്രശ്നവിശകലനം ചെയ്യാം)

**നവംബർ**

- സ്ഥാനവില തിരിച്ചറിയൽ (ഒന്ന്, പത്ത്)
- പ്രായോഗിക പ്രശ്നപരിഹാരത്തിനായ് കളിനോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ
- 'ക്ലാസിനൊരു ' കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ
- നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടി ചേർത്ത് സംഖ്യരൂപീകരിക്കൽ

  10 രൂപ +5 രൂപ = 15 രൂപ നോട്ട് , നാണയം

**ഡിസംബർ**

- സംഖ്യാബോധം തിരിച്ചറിവിൽ- സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ.
- സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമ്മിക്കൽ)
- രണ്ടക്കസംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

**ജനുവരി**

- വിലവിവരപ്പട്ടിക തയ്യാറാക്കൽ. വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ
- പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ
- സങ്കലനവ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ

**ഫെബ്രുവരി**

- ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ
- ഉല്ലാസ ഗണിതം materials ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ. ഗണിത പഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ

**മാർച്ച്**

- കലണ്ടർ പതിപ്പ് തയ്യാറാക്കൽ
- കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്. മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ
- കലണ്ടർ സംഖ്യാ ബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ
- കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ.
- ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക.

# ENGLISH

| AIM | ACTIVITIES | TIME |
|---|---|---|
| To Devolope listening skills and speaking skills | ♦ Games<br>♦ Action songs<br>♦ ICT (Cartoon, Stories)<br>♦ Self Introduction | June, July |
| To read and write English without any mistakes | ♦ Descriptions<br>♦ Riddles<br>♦ Word web<br>♦ Word chain<br>♦ Add more lines | August, September<br>Octomer, November |
| Simple Sentences | ♦ Fill in the blank | Short term |
| To imporve writing skills | ♦ Make word web<br>♦ Picture description<br>♦ Magazine | December<br>January<br>February<br>March |
| Reading practive | ♦ Reading cards | Long term |
| Vocabulary building | ♦ Naming words<br>♦ Vocabulary charts | Long term |
| Verbs , Actions | ♦ Action songs | Short term |

# അക്കാദമിക മാസ്റ്റർ പ്ലാൻ
# ക്ലാസ് -3

# മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | മാസം |
|---|---|---|
| ഭാഷാപരമായി പിന്നോക്കാവസ്ഥ പരിഹരിക്കൽ | **അക്ഷരം ഉറപ്പിക്കൽ**<br>♦ ചിത്രങ്ങളിലൂടെ മലയാള അക്ഷരങ്ങൾ ചിഹ്നങ്ങൾ ഉറപ്പിക്കൽ | ജൂൺ |
| | **അക്ഷരകാർഡ് നൽകൽ**<br>♦ അക്ഷര കാർഡുകൾ ചേർത്തുവെച്ച് വാക്കുകൾ രൂപീകരിക്കുന്നു.<br>♦ വാക്കുകൾ ചേർത്ത് വാക്യങ്ങൾ ഉണ്ടാക്കുന്നു.<br>♦ വായനക്കാർക്ക് നൽകുന്നു. ആശയ മുൾക്കൊണ്ട് ഭാവാത്മകമായി വായിക്കുന്നു. | ജൂൺ<br>ജൂലൈ |
| | **സി.ഡി പ്രദർശനം**<br>♦ ചിത്രങ്ങൾ അടങ്ങിയ സി.ഡി പ്രദർശിപ്പിക്കുന്നു. ഓരോ ചിത്രത്തെക്കുറിച്ചു പറയാനും എഴുതാനും അവസരം | ജൂലൈ-സെപ്തംബർ |
| | ♦ ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | ജൂൺ - ജനുവരി |
| വായിക്കാം... വളരാം | ♦ ക്ലാസ് ലൈബ്രറി ഒരുക്കൽ<br>♦ ഭാവാത്മകമായി കഥ വായിക്കുന്ന വീഡിയോ ക്ലിപ്പുകൾ കേൾപ്പിക്കുന്നു. | ജൂൺ |
| | ♦ കഥാഭാഗങ്ങൾ നൽകുന്നു. കഥയെ ക്രമത്തിലാക്കി ഭാവാത്മകമായി വായിക്കുന്നു. | ജൂൺ |
| | ♦ വായനാഭാഗത്തെ ആസ്പദമാക്കി ആശയഗ്രഹണ ചോദ്യങ്ങൾ ചോദിക്കുന്നു.<br>♦ ഉത്തരങ്ങൾ കണ്ടെത്തി പറയുന്നു.<br>♦ പത്രവായന | മാർച്ച് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | മാസം |
|---|---|---|
| എ ഴ ു ത്ത ു ക ു ട്ട രൂപീകരണം | **അക്ഷര ശലഭം**<br>♦ അക്ഷരങ്ങൾ ഉപയോഗിച്ച് ചിത്രങ്ങൾ തയ്യാറാക്കി അവ ചേർത്തുവെച്ച് പതിപ്പ് തയ്യാറാക്കൽ<br>**കഥാകേളി**<br>♦ കഥയുടെ ആദ്യഭാഗം അവതരിപ്പിക്കുന്നു. ബാക്കി ഭാഗം എഴുതാനും ചിത്രീകരിക്കാനും അവസരം.<br><br>**വർണ്ണനാമൃതം**<br>♦ തന്നിരിക്കുന്ന ചിത്രം/ആശയം ആസ്പദമാക്കി വിവരണം തയ്യാറാക്കൽ.<br><br>**ഇമ്പമുള്ള ഈണം**<br>♦ ICT ഉപയോഗിച്ച് കവിതയുടെ /നാടൻ പാട്ടിന്റെ ആദ്യഭാഗം അവതരിപ്പിക്കുന്നു. ബാക്കിഭാഗം എഴുതാൻ അവസരം<br>♦ കവിതയിൽ ആവർത്തിച്ചു വരുന്ന / അക്ഷരങ്ങൾ / വാക്കുകൾ കണ്ടെത്തുന്നു.<br>♦ നാടൻ പാട്ടിന് വായത്താരി കണ്ടെത്തുന്നു.<br>♦ ഈണം കൊടുത്ത് അവതരിപ്പിക്കുന്നു. | ജൂൺ<br><br><br><br>ജൂൺ<br><br><br><br><br>മാർച്ച്<br><br><br><br><br>ജൂൺ- മാർച്ച |
| | **ഡയറി എഴുതാം**<br>♦ കുട്ടികൾ ഓരോ ദിവസം നടക്കുന്ന ഏതെങ്കിലും പ്രത്യേക സംഭവത്തിന് മുൻഗണന നൽകി ഭാവാത്മകമായി ഡയറി എഴുതുന്നു. | <br>ദിവസേന |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | മാസം |
|---|---|---|
| | **മത്സരിക്കാം സമ്മാനം നേടാം.**<br>♦ രചനാമത്സരങ്ങൾ സംഘടിപ്പിക്കുന്നു.<br>♦ ചുമർ പത്രിക/പതിപ്പ് പ്രകാശനം<br>♦ വിവിധ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട ക്വിസ് മത്സരം | ജൂലൈ - ഫെബ്രുവരി |
| സാഹിത്യ സാംസ്കാരിക ചിത്ര ഗ്യാലറി | ♦ സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ പുസ്തകങ്ങൾ, മഹത്വചനങ്ങൾ, ജീവചരിത്ര കുറിപ്പുകൾ, കവിതകൾ എന്നിവ പ്രദർശിപ്പിക്കൽ, ആർട്ട് ഗ്യാലറികൾ സന്ദർശിക്കൽ | ജൂലൈ - ഫെബ്രുവരി |
| ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ച് വിവിധ രൂപങ്ങൾ നിർമ്മിക്കുക. | **രൂപങ്ങൾ തയ്യാറാക്കാം**<br>♦ Geo Board- ൽ ജ്യാമിതീയ രൂപങ്ങൾ തയ്യാറാക്കുന്നു.<br>♦ ICT - യുടെ സഹായത്തോടെ ജ്യാമതീയ രൂപങ്ങൾകൊണ്ട് ചിത്രങ്ങൾ വരയ്ക്കുന്നു.<br>♦ Geometrical Chart തയ്യാറാക്കുന്നു. | ജൂൺ |
| 1 മുതൽ 1000 വരെയുള്ള സംഖ്യാ ബോധം ഉറപ്പിക്കൽ | **എണ്ണാം പറയാം**<br>♦ മൂർത്ത വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ക്രമമായി എണ്ണുന്നു. | ജൂൺ |
| | **പോക്കറ്റിലിടാം**<br>♦ സംഖ്യാചക്രത്തിലേക്ക് 3 പ്രാവശ്യം ഷൂട്ട് ചെയ്യുന്നു. കിട്ടിയ 3 സംഖ്യകളെ കൂട്ടുന്നു. സ്ഥാനവില പോക്കറ്റിൽ ക്രമീകരിക്കുന്നു.<br>♦ ലഭിച്ച സംഖ്യകളെ അക്ഷരത്തിലെഴുതുന്നു.<br>♦ അബാക്കസിൽ ക്രമീകരിക്കുന്നു.<br>♦ അരവിന്ദ് ഗുപ്ത കാർഡ് ഉപയോഗിച്ച് സംഖ്യ നിർമ്മിക്കുന്നു.<br>♦ ആരോഹണ /അവരോഹണ ക്രമത്തിൽ എഴുതുന്നു. | ജൂൺ- സെപ്തംബർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | മാസം |
|---|---|---|
| മൂന്നക്ക സംഖ്യകളെ വ്യാഖ്യാനിക്കൽ | **സംഖ്യാ സൂര്യൻ**<br>♦ കുട്ടി ഇഷ്ടമുള്ള മൂന്നക്ക സംഖ്യ ബോർഡിൽ എഴുതുന്നു.<br>♦ ഗ്രൂപ്പായി തിരിഞ്ഞ് ബോർഡിൽ എഴുതിയ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റി എഴുതുന്നു. | ജൂലൈ - ഫെബ്രുവരി |
| ചതുഷ്ക്രികൾ ഉറപ്പിക്കുന്നു. | **ഭാഗ്യവാനെ കണ്ടെത്താം**<br>♦ അധ്യാപകൻ ബോർഡിൽ സംഖ്യ എഴുതുന്നു.<br>♦ വിവിധ ക്രിയകൾ അടങ്ങിയ നറുക്കുകൾ കുട്ടികൾക്ക് നൽകുന്നു.<br>♦ കുട്ടിയ്ക്ക് ലഭിച്ച നറുക്കിലെ ക്രിയ ചെയ്യുന്നു.<br>♦ ബോർഡിൽ എഴുതിയ ഉത്തരമുള്ള ഭാഗ്യശാലിയെ കണ്ടെത്തുന്നു. | ജൂലൈ - ഫെബ്രുവരി |
| കലണ്ടറിൽ നിന്ന് ദിവസം, ആഴ്ച, മാസം എന്നിവ കണ്ടെത്തൽ | **കലണ്ടർ നോക്കാം കണ്ടെത്താം**<br>♦ വ്യക്തിഗതമായി കലണ്ടർ തയ്യാറാക്കി പ്രദർശിപ്പിക്കുന്നു.<br>♦ കലണ്ടറിനെ ആസ്പദമാക്കി ചോദ്യങ്ങൾ തയ്യാറാക്കി ചോദിക്കുന്നു. | ജൂൺ |
| സമയം കണക്കാക്കുന്നതിന് | **ഘടികാരം നിർമ്മിക്കാം... സമയം അറിയാം**<br>♦ കുട്ടികൾ സ്വന്തമായി ക്ലോക്കുകൾ നിർമ്മിക്കുകയും അതുപയോഗിച്ച് സമയം ക്രമീകരിക്കുകയും ചെയ്യുന്നു. | ജൂൺ |
| ഗുണന / ഹരണ വസ്തുത ഉറപ്പിക്കൽ | **സംഖ്യാ ചക്രം**<br>♦ സംഖ്യാ ചക്രം കറക്കി രണ്ട് സംഖ്യകൾ തെരഞ്ഞെടുക്കുന്നു.<br>♦ അവ തമ്മിൽ ഗുണനം, ഹരണം എന്ന ക്രിയകൾ ചെയ്യുന്നു. | ജൂൺ– സെപ്തംബർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അംഗീകൃതമല്ലാത്ത / അംഗീകൃതമായ ഏകകങ്ങൾ ഉപയോഗിച്ച് നീളം, ഉള്ളളവ്, ഭാരം എന്നിവ അളക്കൽ | **ഊഹിക്കാം.......... അളക്കാം ............ പറയാം**<br>♦ ഊഹത്തിന്റെ അടിസ്ഥാനത്തിൽ വസ്തുക്കളിൽ, നീളം/ഭാരം/ഉള്ളളവ് കൂടിയവ, കുറഞ്ഞവ ഏതെന്ന് കണ്ടെത്തുന്നു.<br>♦ അംഗീകൃതമല്ലാത്തതും അംഗീകൃതവുമായ വിവിധ ഏകകങ്ങൾ ഉപയോഗിച്ച് തന്റെ ഊഹം ശരിയാണോയെന്ന് അളക്കുന്നു.<br>♦ വിവിധ അളവിലുള്ള സ്കെയിൽ, തൂക്കുകട്ട, അളവുപാത്രം നിർമ്മിക്കുന്നു. | സെപ്തംബർ ഫെബ്രുവരി മാർച്ച് |
| ഗണിതത്തോടുള്ള താല്പര്യം ഉണർത്തുക | **കുട്ടിക്കവിത/പസിൽ**<br>♦ ഉണർത്തു പ്രവർത്തനമായി പഠിപ്പിക്കുന്ന ആശയത്തെ ഉൾപ്പെടുത്തി കുട്ടിക്കവിത/ പസിൽസ് നൽകുന്നു. | ജൂൺ - മാർച്ച് |
| ഗണിതപ്പതിപ്പ് തയ്യാറാക്കൽ | **ഗണിത വിസ്മയം**<br>♦ ഗണിതപ്പാട്ട്, പാറ്റേൺ, നമ്പർ ചാർട്ട്, കുസൃതിക്കണക്കുകൾ , ജ്യോമട്രിക്കൽ ചാർട്ട്, പസിൽ...... തുടങ്ങിയവ ഉൾപ്പെടുത്തി ഗണിതപ്പതിപ്പ് / മാഗസിൻ തയ്യാറാക്കുന്നു. | മാർച്ച് |

# ENGLISH

| OBJECTIVES | ACTIVITIES | TIME |
|---|---|---|
| Develop Language Skills (Enhance reading , Writing , Speaking and listening skills) | ♦ Reading workshops<br>♦ Vocabulary building<br>♦ Writing paragraphs based on picture | June - March |
| Improve communication | ♦ Role -plays<br>♦ conversations<br>♦ Story telling | Once in a month |
| Build Confidence | ♦ Poem Recitation<br>♦ Just a minute talk | Once in a month |
| Vocabulary building | ♦ Reading workshops<br>♦ Word Games<br>♦ Puzzles<br>♦ Development of class library | June -March |
| Grammar corners | ♦ Grammar labs and practices | Once in a month |

# അക്കാദമിക മാസ്റ്റർ പ്ലാൻ
# ക്ലാസ് -4

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഗണിതപഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | ♦ വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ - നടപ്പാക്കൽ- മൂല്യനിർണ്ണയം<br>♦ (ഏണിയും പാമ്പും, ഡയസ് കളി)<br>♦ സങ്കലനം - വ്യവകലനം (കച്ചവടക്കളി) | വർഷം മുഴുവൻ | എസ്.ആർ.ജി ക്ലാസ് ടീച്ചർ |
| **ഒറിഗാമിയിലൂടെ പഠിക്കാം** | | | |
| ഗണിത ശാസ്ത്ര പഠനം രസകര മാക്കൽ - കര ചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തി ലൊരിക്കൽ (ഉചിതമായ സമയത്ത് ) | ക്ലാസ് ടീച്ചർ |
| **ഗണിതലാബ്** | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിതലാബ് ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | എച്ച്.എം എസ്.ആർ.ജി ക്ലാസ് ടീച്ചർ |
| **ഗണിത ചുമർ** | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിതചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ |
| **ഗണിതപഠനോപകരണശില്പശാല** | | | |
| പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ |
| **ഗണിത മേള** | | | |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | എസ്.ആർ.ജി ക്ലാസ് ടീച്ചർ |

# മലയാളം

| മധുരം മലയാളം | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ♦ ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ, ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | എസ്.ആർ.ജി<br>ക്ലാസ് ടീച്ചർ |
| **വായിക്കാം വളരാം** | | | |
| വായനാശേഷി വളർത്തൽ | ♦ ക്ലാസ് വായനാകൂട്ടം<br>♦ ക്ലാസ് ലൈബ്രറി ഒരുക്കൽ<br>♦ പുസ്തക പരിചയം<br>♦ വായനാകുറിപ്പ്<br>♦ ആസ്വാദകകുറിപ്പ്<br>♦ പുസ്തക സംവാദം<br>♦ ആനുകാലിക വായന | വർഷം മുഴുവൻ | എച്ച്.എം<br>എസ്.ആർ.ജി<br>ക്ലാസ് ടീച്ചർ<br>സി.പി.ടി.എ |
| **എഴുതാം തെളിയാം** | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | ♦ പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം | എസ്.ആർ.ജി<br>ക്ലാസ് ടീച്ചർ |
| **എഴുത്തുകാരുമായി സംവദിക്കൽ** | | | |
| ലേഖനശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാ- രൻമാരെ അടുത്തറിയൽ | ♦ സാഹിത്യകാരന്മാരുമായി<br>♦ എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനു സരണം | ക്ലാസ് ടീച്ചർ |

| കണ്ടറിയാം........... കേട്ടറിയാം | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ |
| **രുചിച്ചറിയാം** | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള പാചകകുറിപ്പടങ്ങടങ്ങിയ പതിപ്പ് നിർമ്മാണം ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | എസ്.ആർ.ജി<br>ക്ലാസ് ടീച്ചർ<br>സിപിടിഎ |
| **ഓർക്കാം അഭിമാനിക്കാം (സാഹിത്യകാരൻ)** | | | |
| സാഹിത്യകാരന്മാരുടെ ജന്മ-ചരമദിനാചരണങ്ങൾ സംഘടിപ്പിക്കൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ ഡോക്യുമെന്ററി പ്രദർശനം - പുസ്തക പരിചയം<br>ക്വിസ് ലഘു പ്രഭാഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം- പ്രദർശനം | ആവശ്യാനുസരണം | എച്ച്.എം<br>എസ്.ആർ.ജി<br>സി.പി.ടി.എ<br>ക്ലാസ് ടീച്ചർ |
| **കലക്കൂട്ട്** | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം, കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമയങ്ങൾ, പ്രദർശനം | വർഷത്തിലൊന്ന് | എച്ച്.എം<br>എസ്.ആർ.ജി<br>സി.പി.ടി.എ<br>ക്ലാസ് ടീച്ചർ |
| **സർഗ്ഗോത്സവം** | | | |
| ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | എച്ച്.എം<br>എസ്.ആർ.ജി<br>സി.പി.ടി.എ<br>ക്ലാസ് ടീച്ചർ |

| ഇംഗ്ലീഷ് - ക്ലാസ് 4 | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കുവാനും സംസാരിക്കുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ♦ ഇംഗ്ലീഷ് അസംബ്ലി<br>♦ സ്പോക്കൺ ഇംഗ്ലീഷ്<br>♦ ഇംഗ്ലീഷ് ഡയറി<br>♦ വേർഡ് പസിൽ<br>♦ വേർഡ് ഗെയിം | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ |
| സർഗ്ഗാത്മകതാ പരിപോഷണം | ♦ ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പി ക്കൽ<br>♦ സ്കിറ്റ്<br>♦ ഡ്രാമ<br>♦ കോൺവർസേഷൻ<br>♦ സ്റ്റോറി ടെല്ലിംഗ് | ഷോർട്ട് ടൈം | ക്ലാസ് ടീച്ചർ |
| സർഗാത്മകതാ രചനശേഷി വികസനം | ♦ മൂന്നുമാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ |

# എൽ.പി. പരിസരപഠനം - ക്ലാസ് 4

| | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
| നിരീക്ഷണം -അറിവു നിർമ്മാണം | ♦ പ്രകൃതി നടത്തം<br>♦ പുഴനിരീക്ഷണം<br>♦ മൺപാത്രനിർമ്മാണ യൂണിറ്റ് നിരീക്ഷണം<br>♦ ചെമ്മീൻ ഫാക്ടറി<br>♦ നിരീക്ഷണം<br>♦ തൽസമയ ഓൺലൈൻ<br>♦ അഭിമുഖം<br>♦ മൺപാത്ര നിർമ്മാണ പ്രവർത്തകരുമായി കുട്ടികൾ ക്ലാസിലിരുന്ന് ചോദ്യങ്ങൾ ചോദിക്കുന്നു. | ആവശ്യാനുസരണം | അധ്യാപിക/ അധ്യാപകൻ |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കാൻ | **ശാസ്ത്രമൂല**<br>♦ ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികളും ശാസ്ത്ര കൗതുകങ്ങളും ശേഖരിച്ച് സൂക്ഷിക്കൽ | വർഷം മുഴുവൻ | അധ്യാപിക/ അധ്യാപകൻ |
| കൗതുകം- നിരീക്ഷണപാടവം നിർമ്മാണ പ്രവർത്തനം | ♦ ലഘുപരീക്ഷണങ്ങൾ<br>♦ ജലചക്ര നിർമ്മാണം<br>♦ ബലൂൺറോക്കറ്റ്<br>♦ മുച്ചട്ടി അരിപ്പ നിരമ്മാണം | ആവശ്യാനുസരണം | അധ്യാപിക/ അധ്യാപകൻ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. | ♦ ശലഭോദ്യാനം നിർമ്മാണം<br>♦ പച്ചക്കറിതോട്ടനിർമ്മാണം<br>♦ ഔഷധതോട്ട നിർമ്മാണം<br>♦ ജൈവ-കമ്പോസ്റ്റ് നിർമ്മാണം | ആവശ്യാനുസരണം | അധ്യാപിക/ അധ്യാപകൻ |
| ശാസ്ത്ര പഠനത്തിൽ താത്പര്യം വർദ്ധിപ്പിക്കൽ അന്വേഷണ ത്വര വളർത്തൽ | ♦ പ്ലാനിറ്റോറിയം സന്ദർശനം<br>♦ ഫോക്ക്‌ലോർ അക്കാദമി സന്ദർശനം | | അധ്യാപിക/ അധ്യാപകൻ |
| കേരളം -ഇന്ത്യ ഭൂപട വായന സൂചിക പരിചയപ്പെടൽ | ♦ ഭൂപട വായന<br>♦ പ്രതീകങ്ങൾ ഉപയോഗിച്ച് രൂപരേഖ വരയ്ക്കൽ<br>♦ ഭൂപട നിർമ്മാണം | വർഷം മുഴുവൻ | അധ്യാപിക/ അധ്യാപകൻ |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗവും രചനയും | ♦ പതിപ്പ്,˘ ചാർട്ട് , ആൽബം , പഠനോപകരണ നിർമ്മാണങ്ങൾ<br>♦ പരീക്ഷണം, ശാസ്ത്ര മാസികകൾ ഇവയുടെ പ്രദർശനം | ആവശ്യാനുസരണം | അധ്യാപിക/ അധ്യാപകൻ |

# അക്കാദമിക മാസ്റ്റർ പ്ലാൻ
# യു.പി

# മലയാളം

- മലയാളത്തിൽ അനായാസം വായിക്കാനും എഴുതാനും കുട്ടികളെ സജ്ജരാക്കുക.
- ഭാഷയുടെ വിവിധ സങ്കേതങ്ങൾ, അവയുടെ മനോഹാരിത കുട്ടികൾക്ക് പരിചയപ്പെടുത്തിക്കൊടുക്കുക.
- വായനയുടെ അറിവിന്റെ വിശാലമായ ലോകത്തേക്ക് അവരെ കൈപിടിച്ച് ഉയർത്തുക.
- സാഹിത്യാസ്വാദന ചർച്ചകളൊരുക്കി സന്ദർഭങ്ങൾ ഒരുക്കുക. സർഗ്ഗാത്മക രചനാസന്ദർഭങ്ങൾ ഒരുക്കുക.
- കുട്ടികളെ എഴുത്തുകാരാക്കി മാറ്റുക
- കാവ്യ ആസ്വാദന ശേഷീതലം ഉയർത്തിക്കൊണ്ടുവരിക
- വിശ്വസാഹിത്യത്തിൽ ഇടം പിടിച്ച കാവ്യശകലങ്ങൾ ശ്രവിക്കാനുള്ള അവസരം സൃഷ്ടിക്കുക.
- വായനയിലൂടെ മൂല്യബോധമുള്ള തലമുറയെ വാർത്തെടുക്കുക
- കരിക്കുലം നിർദ്ദേശിക്കുന്ന പഠനനേട്ടങ്ങൾ കൈവരിക്കാനായി കുട്ടികളെ പ്രാപ്തരാക്കുക.
- സമയാസമയങ്ങളിൽ ആശയപ്രകടനത്തിനും ആവിഷ്കാരത്തിനുമുള്ള വൈവിധ്യമാർന്ന അവസരങ്ങളൊരുക്കുക.
- സ്കൂൾ ലൈബ്രറി സംവിധാനം മികവുറ്റതാക്കുക
- രക്ഷിതാക്കളുടെ വായനാ പരിപോഷണത്തിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക.

# മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| **വായന**<br>ഭാഷയുടെ<br>അടിസ്ഥാനശേഷികൾ<br>സ്വായത്തമാക്കൽ.<br>പദസമ്പത്ത്<br>വിപുലീകരിക്കുക. | **എന്റെ അവധിക്കാലം**<br>കുട്ടികൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാര ങ്ങളിലൂടെ അവതരിപ്പിക്കുന്നു. (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്)<br><br>**ഭാഷാമധുരം**<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികളും ചില വാക്കുകളും ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു.<br><br>**വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്**<br>അക്ഷരങ്ങളും ചിഹ്നങ്ങളും കളികളിലൂടെ രസകരമായി യോജിപ്പിച്ച പദം, വാക്യം നിർമ്മാണം<br><br>**പിറന്നാളിന് ഒരു പുസ്തകം**<br>ഓരോ കുട്ടിയും തന്റെ ജന്മദിനത്തിൽ മധുരമായി ഒരു പുസ്തകം ലൈബ്രറിക്ക് സമ്മാനിക്കുന്നു. | ജൂൺ | മലയാളം അധ്യാപിക |
| കുട്ടിയെ മികച്ച<br>വായനക്കാരനാക്കുക. | **"ഒരു ക്ലാസ് ഒരു പത്രം "**<br>അന്യം നിന്നുപോകുന്ന വായന തിരികെ കൊണ്ടുവരാൻ വിദ്യാർത്ഥികൾക്കായി പത്രം നൽകുന്നു.<br><br>മാസാവസാനം വായനയുടെ പുരോഗതി വിലയിരുത്താൻ പത്ര ക്വിസ് നടത്തുന്നു.<br><br>വായനാമത്സരം നടത്തുന്നു. മികച്ച വായനക്കാരനെ കണ്ടെത്തി പ്രോത്സാഹന സമ്മാനം നൽകുന്നു. | ജൂൺ<br><br><br><br><br><br><br><br>ജൂൺ | എസ്.ആർ.ജി<br>മലയാളം<br>അധ്യാപിക |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| **വായന**<br>ഭാഷയുടെ<br>അടിസ്ഥാനശേഷികൾ<br>സ്വായത്തമാക്കൽ.<br>പദസമ്പത്ത്<br>വിപുലീകരിക്കുക. | ♦ മികച്ച ആസ്വാദന കുറിപ്പുകൾ അസംബ്ലിയിൽ അവതരിപ്പിക്കുന്നു.<br>♦ ബാലമാസികകൾ പുസ്തകങ്ങൾ എന്നിവയുടെ സ്വതന്ത്ര വായനക്ക് സഹായകരമാകുന്ന സംവിധാനങ്ങൾ ഏർപ്പെടുത്തുക. | ജൂൺ | മലയാളം അധ്യാപിക |
| ലൈബ്രറി<br>അംഗത്വം | ♦ തൊട്ടടുത്ത ലൈബ്രറിയിൽ കുട്ടികൾക്ക് മെമ്പർഷിപ്പ് നൽകുക. പുസ്തക വായന പ്രോത്സാഹിപ്പിക്കുന്നു. വായനയിൽ നിന്ന് രചന യിലേക്ക്<br>♦ വായനാ സൗഹൃദങ്ങൾ പുലർത്താൻ കാർഡ് ഇൻലന്റ് എന്നിവ ലഭ്യമാക്കുക. | ജൂൺ-മാർച്ച് | ലൈബ്രറി ഇൻചാർജ്ജ് |
| **എഴുത്ത്**<br>എഴുത്തുകൂട്ട<br>രൂപീകരണം | ♦ ക്ലാസ് സമയത്തല്ലാതെ സംഘടിപ്പിക്കുന്ന എഴുത്തുകൂട്ടകൾ ശില്പ ശാലകളിൽ കവിത അവതരണം ചർച്ച, നിരൂപണം, കവിതാരചന, കഥാഉപന്യാസ രചനകൾ നടക്കുന്നു.<br>♦ സർഗ്ഗ സൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>♦ ഓരോ കുട്ടിയുടെയും സൃഷ്ടികൾ ഉൾപ്പെടുത്തി ക്ലാസ്തലം/ സ്കൂൾതലം മാഗസിനുകൾ ഉണ്ടാക്കുകന്നു. | സെപ്തംബർ | എസ്.ആർ.ജി മലയാളം അധ്യാപിക |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| മലയാളം ടൈപ്പിങ്ങ് (പിന്നോക്കക്കാർക്ക് പ്രത്യേകപരിഗണന) കുട്ടിയെ മികച്ച വായനക്കാരനാക്കുക. | അക്ഷരങ്ങളും ചിഹ്നങ്ങളും ഉറച്ചിട്ടില്ലാത്ത മലയാളം ടൈപിംഗ് കൊടുക്കുന്നു. ഉബണ്ടുവിൽ (പ്രത്യേകം തയ്യാറാക്കിയ അക്ഷര പേപ്പറിൽ അവർ ക്ലാസിലെ കുട്ടികളുടെ പേര് ആദ്യപടിയായി എഴുതുന്നു. | ആഗസ്ത് - മാർച്ച് | ക്ലാസ് ടീച്ചർ എസ്.ആർ.ജി |
| **എഴുത്തുകൂട്ടം** മികച്ച എഴുത്തുകാരെ സൃഷ്ടിക്കുക. | ഭാഷാവേദി കാവ്യാസ്വാദന ചർച്ചകൾക്ക് ഭാഷാവേദി'' രൂപീകരിക്കുക. ഈ കൂട്ടായ്മയിൽ പുസ്തകാസ്വാദനങ്ങളും കവിതകളും മറ്റു സങ്കേതങ്ങളും ചർച്ചയ്ക്ക് വിധേയമാക്കുക.<br><br>ഓരോ ക്ലാസിലും ഭാഷാവേദിക്ക് പ്രത്യേകം ഇടം കണ്ടെത്തുക.<br><br>ഒരു ചാർട്ട് അതിൽ ആസ്വാദനങ്ങളും സമകാലിക സാഹിത്യ പ്രാധാന്യവുമുള്ള /മലയാളമായി ബന്ധമുള്ളതും പുസ്തകങ്ങളുമായി ബന്ധമുള്ളതുമായ വാർത്തകൾ പതിപ്പിക്കുക. | ജൂലൈ- മാർച്ച് | മലയാളം അധ്യാപിക |
| എന്റെ ഒരു കത്ത് | നവ എഴുത്തുകാരുമായി സൗഹൃദം സ്ഥാപിക്കാനായി എന്റെ ഒരു കത്ത് പദ്ധതി നടപ്പാക്കാം. | ഫെബ്രുവരി | മലയാളം അധ്യാപിക |
| **ശ്രവണസുന്ദരം** വായിക്കാനുള്ള അഭിവാഞ്ജ ഉണ്ടാക്കുക. | അസംബ്ലിയിൽ ആസ്വാദനക്കുറിപ്പ് അവതരണം. എല്ലാ തിങ്കളാഴ്ചയിലെയും അസംബ്ലിയിൽ വായനാക്കുറിപ്പ് കുട്ടി കൂട്ടിവായിക്കുന്നു.<br>സാഹിത്യകാരന്മാരുമായി സംവദിക്കാനവസരം ഉണ്ടാക്കുക.<br>അവർ അവരുടെ സാഹിത്യാനുഭവങ്ങൾ, വ്യക്തി ജീവിതം ഇവ വിശദമാക്കുമ്പോൾ കുട്ടികൾക്ക് പ്രചോദനം ഉണ്ടാകുവാൻ സാധിക്കും. | സെപ്തംബർ - ഡിസംബർ | മലയാളം അധ്യാപിക |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വിദ്യാരംഗ കലാ സാഹിത്യവേദി<br><br>സാഹിത്യ ശില്പ ശാലകൾ സംഘടി പ്പിക്കൽ | ♦ വിദ്യാരംഗം കലാസാഹിത്യ വേദിയുടെ നേതൃത്വത്തിൽ നടക്കുന്ന സാഹിത്യ ശില്പ ശാലകളിൽ സജീവമായ ചർച്ചകളും രചനകളും നടത്തുക. ഒരു മെഡ്യൂളിൽ കൂടി മുന്നോട്ട് കൊണ്ടുപോയി ശില്പശാലയുടെ അവസാനം ഒരു കൈയ്യെഴുത്ത് മാസിക തയ്യാറാക്കുന്നു. | ആഗസ്ത് - മാർച്ച്<br><br>ജൂലൈ- മാർച്ച് | ക്ലാസ് ടീച്ചർ എസ്.ആർ.ജി<br><br>മലയാളം അധ്യാപിക |
| വായനാവാരം | ♦ പി.എൻ പണിക്കരുടെ ചരമദിനം ജൂൺ 19 വായനാവാരത്തിൽ വിവിധ കലാപരിപാടികൾ സംഘടി പ്പിക്കുക.<br>♦ കഥ<br>♦ കവിത<br>♦ ആസ്വാദനക്കുറിപ്പ്<br>♦ നാടകം<br>♦ സ്കിറ്റ്<br>♦ ഉപന്യാസം, സ്കിറ്റ് | ജൂൺ | എസ്.ആർ.ജി മലയാളം അധ്യാപിക |
| ദിനാചരണങ്ങൾ | **സ്വാതന്ത്ര്യദിനപതിപ്പ്**<br>♦ വന്ദേമാതരം തയ്യാറാക്കൽ<br>**ബഷീർ അനുസ്മരണം**<br>♦ വൈക്കം മുഹമ്മദ് ബഷീർ അനുസ്മരണത്തിൽ അസംബ്ലിയിൽ ബഷീറിന്റെ ഓർമ്മ പുതുക്കൽ<br>♦ അനുസ്മരണ ക്വിസ്<br>♦ ബഷീർ കൃതികൾ പ്രദർശനം<br>♦ കൃതികൾ വായിച്ച് ആസ്വാദനം<br>**ചാന്ദ്രദിനം**<br>ചാന്ദ്രദിനത്തോടനുബന്ധിച്ച് വിവിധ മത്സരങ്ങൾ സംഘടി പ്പിക്കുക.<br>♦ **കർഷകദിനം**<br>♦ പഴമയുടെ നന്മയെ നാടൻ പാട്ടിലൂടെ വീണ്ടും അരങ്ങിൽ കൊണ്ടുവരുന്നു. | ജൂലൈ<br><br>ചിങ്ങം 1 | വിദ്യാരംഗം കലാസാഹിത്യ വേദി<br><br>വിദ്യാരംഗം കലാസാഹിത്യ വേദി |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| | ♦ നാടൻപാട്ട് മത്സരം<br>♦ പാളത്തൊപ്പി നിർമ്മാണം<br>♦ ഇലകൾ തിരിച്ചറിയൽ<br>♦ വിത്തുകൾ തിരിച്ചറിയൽ<br>**ഓണം**<br>♦ ഓണക്കളികൾ<br>♦ ഓണപ്പാട്ടുകൾ<br>♦ തിരുവാതിരക്കളി<br>**ഗുരുസ്മരണ**<br>♦ അസംബ്ലിയിൽ പൂർവ്വ അധ്യാപകരെ സ്മരിക്കൽ<br>♦ ആദരവ്<br>♦ ഡോ.എസ് .രാധാകൃഷ്ണനുമായി അഭിമുഖ സംഭാഷണം. ഒരു വിദ്യാർത്ഥിയെ മുൻകൂട്ടി തയ്യാറാക്കുക ചോദ്യങ്ങളും.<br>**ഗുരുസമാധി**<br>♦ ഗുരുവിന്റെ മഹത് വാക്കുകൾ അനുസ്മരിക്കുന്നു. അവ നോട്ടീസ് ബോർഡിൽ എഴുതുന്നു. | സെപ്തംബർ | ക്ലാസ് ടീച്ചർ<br>എസ്.ആർ.ജി<br><br>മലയാളം അധ്യാപിക<br><br>എസ്.ആർ.ജി<br>മലയാളം അധ്യാപിക |
| മൂല്യബോധം ഉറപ്പിക്കാൻ , സ്നേഹം, ദയ, കാരുണ്യം തുടങ്ങിയ മാനുഷിക മൂല്യങ്ങൾ കുട്ടികളിൽ ജനിപ്പിക്കൽ | ♦ മൂല്യബോധമുളവാക്കുന്ന സിനിമ പ്രദർശനം<br>♦ ഡോക്യുമെന്ററി വിവിധ കവിതകൾ കേൾപ്പിക്കൽ , വീഡിയോ പ്രദർശനം , യൂട്യൂബ് കവികളുടെ ജീവചരിത്രം അടങ്ങിയ സി.ഡികൾ കാണിക്കാം . എഴുത്തുകാരുമായുള്ള അഭിമുഖ സംഭാഷണങ്ങൾ ഡൗൺലോഡ് ചെയ്ത് കാണിക്കാം. ചിത്രങ്ങൾ കാണിച്ച് എഴുതിക്കുക. | ഒരു വർഷം | മലയാളം അധ്യാപിക |

| ENGLISH | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| Writing | **My English**<br><br>നിത്യജീവിതത്തിൽ ഉപയോഗപ്പെടുത്തേണ്ട സംഭാഷണങ്ങൾ, ചോദ്യങ്ങൾ, പരിചിതമായ വസ്തുക്കളുടെ പേരുകൾ മറ്റു കാര്യങ്ങൾ എന്നിവ മാതൃഭാഷയിൽ രേഖപ്പെടുത്തിയതിന് ശേഷം അതിനെ ഇംഗ്ലീഷിലേക്ക് മാറ്റാൻ ആവശ്യപ്പെടുന്നു. ആഴ്ചയിൽ ഒരു ടാസ്ക് വീതം എല്ലാ കുട്ടികളും ചെയ്തു വരുന്നുണ്ടെന്ന് അധ്യാപിക ഉറപ്പു വരുത്തുന്നു. | ജൂൺ<br>ജൂലായ് | ഇംഗ്ലീഷ് അധ്യാപകൻ |
| Speaking | **Public Speaking**<br><br>ലളിതമായ സംഭാഷണരംഗങ്ങൾ അനുകരിക്കുന്നതിന് അവസരം നൽകുന്നു.<br><br>Intractive CD's youtube, ICT എന്നിവ പ്രയോജനപ്പെടുത്തുന്നു. | ആഗസ്ത്<br>സെപ്തംബർ<br>ഒക്ടോബർ<br>നവംബർ | ഇംഗ്ലീഷ് അധ്യാപകൻ |
| Drama and Theatre | പഠനഭാഗത്തെ നാടകീകരണ സന്ദർഭങ്ങൾ തെരഞ്ഞെടുത്ത് അവതരണം നടത്താൻ കഴിയുന്ന വിധത്തി ൽ രൂപപ്പെടുത്തുന്നു.<br><br>STDV,VI,VII എന്നിവ പ്രയോജനപ്പെടുത്തുന്നു. | നവംബർ ,<br>ഡിസംബർ | ഇംഗ്ലീഷ് അധ്യാപകൻ |
| Story Time | പാഠഭാഗ പ്രവർത്തനവുമായി ബന്ധപ്പെട്ടതല്ലാത്ത ചെറുതും ആകർഷകവുമായ കഥകൾ ശേഖരിച്ച് കുട്ടികൾക്ക് വായനയ്ക്ക് നൽകുന്നു. ഒരു കുട്ടി ഒരു കഥയെങ്കിലും സ്വന്തമായി അവതരിപ്പിക്കാൻ കഴിയുംവിധം പഠിക്കാൻ നിർദ്ദേശിക്കുന്നു.<br>STDV,VI,VII എന്നിവ പ്രയോജനപ്പെടുത്തുന്നു. | ജനുവരി-<br>മാർച്ച് | ഇംഗ്ലീഷ് അധ്യാപകൻ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| Intimation | **English news, T.V Programme**<br><br>എന്നിവ ശ്രദ്ധിച്ച് ക്ലാസിൽ അവതരിപ്പിക്കുന്നു. | ജനുവരി -മാർച്ച് | ഇംഗ്ലീഷ് അധ്യാപിക |
| എല്ലാ കുട്ടികൾക്കും ഫലപ്രദമായി വായിക്കാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക. | ഇംഗ്ലീഷ് അസംബ്ലി | ആഴ്ചയിൽ രണ്ട് ദിവസം | ഇംഗ്ലീഷ് അധ്യാപിക |
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഇംഗ്ലീഷ് ഡയറി | ആഴ്ചയിൽ അഞ്ച് ദിവസം | ഇംഗ്ലീഷ് അധ്യാപിക |
| വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കൽ | ഇംഗ്ലീഷ് ഫെസ്റ്റ് | അഞ്ച് ദിവസം | ഇംഗ്ലീഷ് അധ്യാപിക |
| ഇംഗീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ഇംഗ്ലീഷ് കോർണർ | പ്രതിമാസം | ഇംഗ്ലീഷ് ക്ലബ്ബ് |
| കളികളിലൂടെയുള്ള ഭാഷാ പഠനം | പദപ്രശ്നം | പ്രതിമാസം | ഇംഗ്ലീഷ് ക്ലബ്ബ് |
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗി ക്കുക. | ഗ്രാമർ സ്കൂൾ | പ്രതിവർഷം | ഇംഗ്ലീഷ് ക്ലബ്ബ് |

# കണക്ക് യു.പി

- ഗണിതാശയങ്ങൾ ലളിതമായി രസകരമായി അവതരിപ്പിക്കൽ
- ചതുഷ്ക്രിയകൾ അനായാസമായി കൈകാര്യം ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുക
- കരിക്കുലം നിർദ്ദേശിക്കുന്ന പഠനനേട്ടങ്ങൾ സ്വായത്തമാക്കി യിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തുക
- പഠനവേഗത കൈവരിക്കുക
- പിന്നോക്കക്കാരെ സഹായിക്കുക
- ഗണിതപഠനം ആകർഷകമാക്കുക
- നിത്യജീവിതവുമായി ബന്ധപ്പെട്ട പഠനം
- ഗണിത താല്പര്യം വർദ്ധിപ്പിക്കുക
- പ്രവർത്തനാധിഷ്ഠിത ഗണിതപഠനം
- യുക്തിചിന്ത വളർത്തുക
- സൂക്ഷ്മത, താരതമ്യപഠനം
- രൂപങ്ങളെ തിരിച്ചറിയുക, സവിശേഷത കണ്ടെത്തുക

# ഗണിതം -യു.പി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| അടിസ്ഥാനഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശില്പശാല**<br>കളിരീതികളിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ...... ഉപയോഗിക്കുന്നു.) | ജൂൺ- ജൂലൈ | മാത്സ് അധ്യാപിക |
| രസകരമായ ഗണിത ശാസ്ത്ര പഠനം – ജ്യാമിതീയിൽ താത്പര്യം ജനിപ്പിക്കുക. | ഗണിതകളി - ടാൻഗ്രാം നിർമ്മാണം. | ജൂലൈ | മാത്സ് അധ്യാപിക |
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമ മാക്കൽ | ഓരോ ക്ലാസ് മുറിയിലും ഗണിതമൂലം സജ്ജമാക്കുക. | ആവശ്യാനുസരണം | ഗണിത ക്ലബ്ബ് മാത്സ് അധ്യാപിക |
| ഗണിതം മധുര മാക്കൽ | ഗണിതപാട്ടുകൾ - ഗണിതകഥകൾ | ആഗസ്ത് - സെപ്തംബർ | ഗണിത ക്ലബ്ബ് |
| ഭാരം, ഉള്ളളവ് , നീളം എന്നിവ കൃത്യതപ്പെടുത്തുന്ന രീതി, അതിനുപയോഗിക്കുന്ന ഏകകങ്ങൾ എന്നിവയുടെ ഉപയോഗം തിരിച്ചറിയുക. | മെട്രിക് അളവുകൾ | ഒക്ടോബർ നവംബർ | ഗണിത ക്ലബ്ബ് മാത്സ് ടീച്ചർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി | ഐ.ടി സാധ്യതകളിലൂടെ ജ്യാമിതീയ രൂപങ്ങൾ, ചതുരക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | മാത്സ് അധ്യാപിക |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | മാത്സ് ടീച്ചറും സമർത്ഥരായ കുട്ടികളും |
| ഗണിതവാരാചരണം | മികച്ച ഉല്പന്നങ്ങളുടെ പ്രദർശനം, ഗണിത ക്വിസ്, മറ്റ് അധ്യാപകരെ ഉൾപ്പെടുത്തിയുള്ള ക്ലാസുകൾ | ജനുവരി | മാത്സ് ടീച്ചർ |
| ഗണിത മാഗസിൻ | കുട്ടികളിലെ ഗണിത ചിന്തയെ ജ്വലിപ്പിക്കുന്ന ഉല്പന്നങ്ങൾ കണ്ടെത്തി തയ്യാറാക്കുന്നു. | ഫെബ്രുവരി മാർച്ച് | ഗണിത ക്ലബ്ബ് മാത്സ് ടീച്ചർ |

# ശാസ്ത്രം

- കുട്ടിയിൽ ശാസ്ത്രാഭിരുചി വളർത്തുക.
- സ്കൂളിലെ മുഴുവൻ കുട്ടികളെയും പരീക്ഷണങ്ങളിൽ പങ്കാളികളാക്കുക.
- പഠന പിന്നോക്കാവസ്ഥയിലുള്ളവരെ മികവിലേക്ക് നയിക്കുക.
- കുട്ടി ശാസ്ത്രജ്ഞരെ വളർത്തിയെടുക്കുക.
- കൃഷിയോടുള്ള ആഭിമുഖ്യം വളർത്തുക.
- ഭാഷാ ശേഷി പരിപോഷിപ്പിക്കുക.

## അടിസ്ഥാന ശാസ്ത്രം - ക്ലാസ് 6

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ചെറുധാന്യങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നു. | കൊളാഷ് | ജൂൺ | ശാസ്ത്രാധ്യാപകർ |
| ആരോഗ്യപരിപാലനത്തിൽ വിഷരഹിത പച്ചക്കറികളുടെ പ്രാധാന്യം | ഭക്ഷ്യമേള വിഷരഹിത പച്ചക്കറികളുടെ പ്രദർശനം , ഉച്ചയൂണിൽ ഉൾപ്പെടുത്തൽ | ജൂൺ | ശാസ്ത്രാധ്യാപകർ പി.ടി.എ |
| കാന്തങ്ങളുടെ ആകർഷണ വികർഷണങ്ങൾ തിരിച്ചറിയുന്നതിന് | കാന്തം ഉപയോഗിച്ചുള്ള ചിത്ര പ്രദർശനം | ജൂലൈ | ശാസ്ത്രാധ്യാപകർ പി.ടി.എ |
| നിത്യജീവിതത്തിൽ കാന്തത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നു. | കാന്തമുപയോഗിച്ച് ഉപകരണ നിർമ്മാണം | ജൂലൈ | ശാസ്ത്രാധ്യപകർ പി.ടി.എ |
| ഇരുചക്രവാഹന യാത്രക്കാർ ഹെൽമറ്റ് ധരിക്കേണ്ടതിന്റെ പ്രാധാന്യം | സ്കിറ്റ് | ആഗസ്ത് | ശാസ്ത്രാധ്യാപകർ |
| ജീവികളുടെ അസ്ഥികളുടെ പ്രാധാന്യം തിരിച്ചറിയുക | വീഡിയോ പ്രദർശനം | ഒരു ദിവസം ആഗസ്ത് | ശാസ്ത്രാധ്യാപകർ |
| ശാസ്ത്ര അന്തരീക്ഷം സൃഷ്ടിക്കൽ | വിവിധ തരത്തിലുള്ള ചെടികൾ സ്കൂളിൽ നട്ടു വളർത്തുക. | 1 വർഷം | എച്ച്.എം ശാസ്ത്രാധ്യാപകർ പി.ടി.എ |
| ഭാഷാ വികാസത്തെ പരിപോഷിപ്പിക്കൽ | പാഠഭാഗത്തിലെ പ്രധാനാശയങ്ങൾ ശാസ്ത്ര പുസ്തകത്തിൽ രേഖപ്പെടുത്തുക. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ |
| പരീക്ഷണ നിരീക്ഷണ, നിഗമന ശേഷികൾ വർദ്ധിപ്പിക്കുക. | പാഠഭാഗത്തിലെ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി ശാസ്ത്രോത്സവം സംഘടിപ്പിക്കുക. | അക്കാദമിക വർഷ | ശാസ്ത്രാധ്യാപകർ പി.ടി.എ |

## ക്ലാസ് -7

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കൃഷിയിൽ നൂതന സാങ്കേതിക വിദ്യകൾ പരിചയപ്പെടുക. കൃഷിയോട് താല്പര്യം വർദ്ധിപ്പിക്കുക. | ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ്, ലെയറിംങ് എന്നിവ വിദഗ്ധരുടെ സഹായത്തോടെ പരിചയപ്പെടുത്തുന്നു. ഇതിനാവശ്യമായ ഉപകരണങ്ങൾ പരിചയപ്പെടുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ |
| പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നു. | പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് കുട്ടികളുടെ വീട്ടിൽ അടുക്കളത്തോട്ട നിർമ്മാണം,പരിസ്ഥിതി ദിന, ക്വിസ്/ പോസ്റ്റർ/ റീൽസ് മത്സരങ്ങൾ. പരിസ്ഥിതി സൗഹാർദ ഗ്രോബാഗ് നിരമ്മാണം പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ പി.ടി.എ |
| തൊഴിൽ പരിശീലനം ബഹിരാകാശപഠന രംഗത്തെ കുതിപ്പ് പരിചയപ്പെടുത്തുക. | രക്ഷിതാക്കളെയും ഉൾപ്പെടുത്തി സോപ്പ് നിർമ്മിക്കൽ ക്വിസ്, വീഡിയോ പ്രദർശനം നിർമ്മാണ പ്രവർത്തനങ്ങൾ | ജൂലൈ | ശാസ്ത്രാധ്യപകർ രക്ഷിതാക്കൾ |

# ക്ലാസ് -7

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വൈദ്യുത സർക്കീട്ടുകൾ പരിചയപ്പെടുന്നു തൊഴിൽ പരിശീലനം | **വർക്ക് ഷോപ്പ്** വിദഗ്ദ്ധന്റെ സഹായത്തോടെ വൈദ്യുത ഉപകരണങ്ങൾ നിർമ്മിക്കുന്നു. | ആഗസ്ത് ഒരു ദിവസം | ശാസ്ത്രാധ്യാപകർ |
| ആവർത്തന പ്രതിപതനമു പയോഗിക്കുന്ന സന്ദർഭങ്ങൾ പരിചയപ്പെടുന്നു | വർക്ക് ഷോപ്പ് കാലിഡോസ്കോപ്പ്, പെരിസ്കോപ്പ് നിർമ്മാണം | സെപ്തംബർ ഒരു ദിവസം | ശാസ്ത്രാധ്യാപകർ പി.ടി.എ |
| ശാസ്ത്രീയ മേഖലകളിൽ കലകളെ ഉൾചേർക്കുക | ശാസ്ത്ര കല്പിത കഥാസമാഹാരം കഥാവാസനകളെ ഉണർത്തി ശാസ്ത്ര കഥകൾ ഉൾക്കൊള്ളിച്ചുള്ള കഥാനിർമ്മാണം | അക്കാദമിക വർഷം | ശാസ്ത്രാധ്യപകർ രക്ഷിതാക്കൾ |
| നല്ല ആഹാരശീലങ്ങളെ ക്കുറിച്ചും ആരോഗ്യ ശീലങ്ങളെക്കുറിച്ചും ബോധവാന്മാ രാക്കുക | ബോധവൽക്കരണ പരിപാടി ദന്തഡോക്ടറുമായുള്ള സംവാദം | ഒക്ടോബർ | എച്ച്.എം ശാസ്ത്രാധ്യപകർ രക്ഷിതാക്കൾ |
| ചാലനം സംവഹനം വികിരണം എന്നിവ വഴിയുള്ള താപ പ്രേഷണരീതികൾ സ്വായത്തമാക്കുന്നു | ചൂടാറാപെട്ടി നിർമ്മാണം ഐസ്പെട്ടി നിർമ്മാണം | നവംബർ | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കൗമാരക്കാലത്തെ മനസ്സിലാക്കുക ശരിയായ ജീവിതചര്യകൾ മനസ്സിലാക്കുക | **ബോധവൽക്കരണക്ലാസ്** കൗമാരകാലഘട്ടവും ലൈംഗിക ചൂഷണവും ശരിയായ ആരോഗ്യ ശീലങ്ങളും ഇവയെക്കുറിച്ചുള്ള വിദഗ്ധരുടെ ക്ലാസുകൾ | ഡിസംബർ | ശാസ്ത്രാധ്യാപകർ |
| ചന്ദ്രന്റെ വൃദ്ധി ക്ഷയങ്ങൾ അമാവാസി പൗർണ്ണമി പരിക്രമണം എന്നിവ മനസ്സിലാക്കുക | ചന്ദ്രനിരീക്ഷണം നടത്തുക | ഡിസംബർ ജനുവരി ഫെബ്രുവരി | ശാസ്ത്രാധ്യാപകർ പി.ടി.എ |
| മാലിന്യ പ്രശ്നങ്ങൾ ശാസ്ത്രീയമായി എങ്ങനെയെല്ലാം പരിഹരിക്കാം എന്ന് മനസ്സിലാക്കുന്നു. | സെമിനാർ മാലിന്യപ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും | അക്കാദമിക വർഷം | ശാസ്ത്രാധ്യപകർ രക്ഷിതാക്കൾ |
| സുരക്ഷിത ഭക്ഷണം മനുഷ്യന്റെ അവകാശമാണെന്ന കാഴ്ചപ്പാട് രൂപീകരിക്കുന്നു. | **ഭക്ഷ്യമേള** കുട്ടികൾ രക്ഷിതാക്കളുടെ സഹായത്തോടെ മായമില്ലാത്ത ഭക്ഷ്യവസ്തുക്കൾ തയ്യാറാക്കി കൊണ്ടുവന്ന് പ്രദർശനം നടത്തുന്നു. | ഒരു സദ്യ | എച്ച്.എം ശാസ്ത്രാധ്യപകർ രക്ഷിതാക്കൾ |
| ശാസ്ത്രീയ പ്രക്രിയാശേഷികൾ ഉപയോഗപ്പെടുത്തുക | **ശാസ്ത്രോത്സവം** ശാസ്ത്രലോകത്തിലെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട പരീക്ഷണനിരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്രോത്സവം സംഘടിപ്പിക്കുക. | അക്കാദമിക വർഷം | ശാസ്ത്രാധ്യപകർ |

# സാമൂഹ്യശാസ്ത്രം യു.പി

- കുട്ടികളിൽ ചരിത്രാവബോധം സൃഷ്ടിക്കൽ
- ദേശസ്നേഹം, സമഭാവന, ദേശീയബോധം ഇവ ഉറപ്പിക്കുക.
- രാഷ്ട്രത്തിന്റെ ഭൂപ്രകൃതി , ഭൂഘടന ഇവയെപ്പറ്റി അവബോധം ഉണ്ടാക്കൽ
- സുദൃഢമായ അന്തർദേശീയ ബന്ധങ്ങളെക്കുറിച്ചുള്ള ചർച്ച
- മൺമറഞ്ഞുകൊണ്ടിരിക്കുന്ന നാട്ടുനന്മകൾ, നാട്ടുവൈദ്യം, നാടൻ കലാരൂപം
- മഹത് വ്യക്തികൾ, മഹത് സംഭാവനകൾ എന്നിവയെക്കുറിച്ചുള്ള പഠനം.
- പ്രാദേശിക പ്രദേശങ്ങളെക്കുറിച്ചുള്ള ഭൂപടം നിർമ്മിക്കുക.
- ഐ.സി.ടി സാധ്യത കണ്ടെത്തൽ
- സഞ്ചാരം സി.ഡി കാണിക്കുക.

# സാമൂഹ്യശാസ്ത്രം - ക്ലാസ് 5

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| **റോൾ പ്ലേ**<br>വ്യത്യസ്ത ജീവിത പശ്ചാത്തലം മനസിലാക്കുക. | പാഠപുസ്തകത്തിലെ കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു. | രണ്ട് ദിവസം<br>ജൂൺ | ടീച്ചർ |
| **പങ്കുവെയ്ക്കാം** | | | |
| പങ്കുവെയ്ക്കലിന്റെയും കരുതലിന്റെയും പ്രാധാന്യം തിരിച്ചറിയുക | വീടുകളിലുണ്ടാക്കിയ നാടൻ ഭക്ഷ്യവിഭവങ്ങളുടെ പ്രദർശനവും പങ്കു വെയ്ക്കലും | ഒരു ദിവസം<br>ജൂൺ | എച്ച്.എം<br>ടീച്ചർ<br>പി.ടി.എ |
| **പ്ലക്കാർഡ് നിർമ്മാണം** | | | |
| ഭക്ഷണത്തിന്റെ പ്രാധാന്യം മനസ്സിലാക്കുക. | ഭക്ഷ്യ ദിന സന്ദേശങ്ങൾ ഉൾപ്പെടുന്ന പ്ലക്കാർഡ് നിർമ്മാണം | ഒരു ദിവസം<br>ജൂലൈ | ടീച്ചർ<br>പി.ടി.എ |
| **തിരിച്ചറിയൽ കാർഡ് നിർമ്മാണം** | | | |
| സുഗന്ധവ്യഞ്ജനങ്ങൾ തിരിച്ചറിയുന്നതിനും അവയുടെ പ്രാധാന്യം മനസ്സിലാക്കുന്നതിനും | സുഗന്ധ വ്യഞ്ജനങ്ങൾ ഉപയോഗിച്ചുള്ള തിരിച്ചറിയൽ കാർഡ് നിർമ്മാണം | ജൂലൈ | ടീച്ചർ<br>പി.ടി.എ |
| **സ്വയംതൊഴിൽ** | | | |
| സ്വയംതൊഴിലുകൾ പരിചയപ്പെടുക. | ഐ.സി.ടി സാധ്യത ഉപയോഗിച്ച് വിവിധ സ്വയം തൊഴിലുകളും അവയുടെ ഗുണഭോക്താക്കളെയും മനസ്സിലാക്കുക. | ആഗസ്ത് | ടീച്ചർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| **വസ്ത്രവൈവിധ്യം** പ്രകൃതിദത്ത നാരുകളും കൃത്രിമ നാരുകളും തിരിച്ചറിയുക. | പ്രകൃതിദത്ത നാരുകളും കൃത്രിമനാരുകളും കൊണ്ട് നിർമ്മിച്ച വസ്ത്രങ്ങളുടെ കഷണങ്ങൾ ശേഖരിച്ച് ചാർട്ടിൽ ഒട്ടിച്ച് പ്രദർശനം നടത്തുന്നു. | സെപ്തംബർ | ടീച്ചർ |
| **കരകൗശല വസ്തുക്കളുടെ നിർമ്മാണം** | | | |
| തൊഴിൽ മേഖലകൾ കണ്ടെത്തുക. പഴയവസ്ത്രങ്ങൾ പുനരുപയോഗിക്കുക. | പാഴ് വസ്തുക്കൾ ഉപയോഗിച്ച് കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നു. | ഒക്ടോബർ | ടീച്ചർ |
| **ഗ്ലോബ് ഭൂപടവായന** | | | |
| വിവരശേഷരണം | ഐ.സി.ടി സഹായത്തോടെ ഗ്ലോബ്, ഭൂപടം തുടങ്ങിയവ വിശകലനം ചെയ്ത് വിവരങ്ങൾ ശേഖരിക്കുന്നു. | നവംബർ | ടീച്ചർ |
| **ഗ്രാമസഭയിൽ** | | | |
| ജനാധിപത്യത്തിന്റെ സവിശേഷതകൾ തിരിച്ചറിയുക സ്വയംതൊഴിലുകൾ പരിചയപ്പെടുക. | രക്ഷിതാക്കൾക്കൊപ്പം വിദ്യാർത്ഥികൾ ഗ്രാമസഭയിൽ പങ്കെടുക്കുന്നു. | | ടീച്ചർ |
| **ഫ്ളോചാർട്ട് നിർമ്മാണം** | | | |
| ഗതാഗതമാർഗങ്ങൾ അവയുടെ മേന്മകളും തിരിച്ചറിയുന്നു. | വിവിധ ഗതാഗത മാർഗ്ഗങ്ങൾ ഉൾപ്പെടുന്ന ഫ്ളോചാർട്ട് നിർമ്മിച്ച് ഗതാഗത മാർഗ്ഗങ്ങൾ തിരിച്ചറിയുന്നു. | ഒരു ആഴ്ച നവംബർ | ടീച്ചർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| **പട്ടികപ്പെടുത്തൽ** പ്രകൃതിദുരന്ത ങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | പ്രകൃതിതാണ്ഡവം:നേർക്കാഴ്ച, ഭൂകമ്പം, സുനാമി കൊടുങ്കാറ്റ്, വെള്ളപ്പൊക്കം ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്ത ങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുന്നു. | ഒരു ആഴ്ച ഡിസംബർ | എച്ച്.എം ടീച്ചർ |
| **തരംതിരിക്കൽ** | | | |
| സാമൂഹിക അസമത്വത്തിനുള്ള കാരണങ്ങൾ കണ്ടെത്തുന്നു | സാമൂഹിക അസമത്വം തിരിച്ചറിയൽ | നാല് ദിവസം ജനുവരി | ടീച്ചർ |
| **റോൾപ്ലേ** | | | |
| സൗരയൂഥത്തെപ്പറ്റി കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കുന്നു. | സൂര്യനും ഗ്രഹങ്ങളും, ഉപഗ്രഹങ്ങളും, കുള്ളൻ ഗ്രഹങ്ങൾ, വാൽ നക്ഷത്രങ്ങൾ എല്ലാം മനസ്സിലാക്കുന്നു. | 2 ആഴ്ച ജനുവരി | എച്ച്.എം ടീച്ചർ |
| **ചാർട്ട് നിർമ്മാണം** | | | |
| സമൂഹത്തിന്റെ നിലനിൽപ്പിന് നിയമം ആവശ്യമാണ്. | നിയമം എന്താണെന്ന് മനസ്സിലാക്കുന്നു. | 2ആഴ്ച ഫെബ്രുവരി | എച്ച്.എം ടീച്ചർ |

## ക്ലാസ് - 6

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ , ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | **അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്** സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | ജൂൺ | ടീച്ചർ |
| | **ഓർമ്മച്ചെപ്പ്** അന്തർദേശീയതലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ഐ.സി.ടി സാധ്യതകളുപയോഗിച്ച് മെമ്മറി ടെസ്റ്റ് നടത്തുന്നു. | ജൂൺ<br>ജൂൺ | ടീച്ചർ<br>ടീച്ചർ |
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | **Virtual Field Trip** ICTസാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | ജൂൺ | ടീച്ചർ |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്** ഗ്രാമസഭ , വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസ്സിലാക്കുന്നു. | ജൂൺ | ടീച്ചർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പ്രകൃതിദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ | **പ്രകൃതിതാണ്ഡവം : നേർകാഴ്ച** ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിക്കുന്നു | **നന്മയുടെ നുറുങ്ങുവെട്ടം** പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധന സാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസ ഹസ്തമാകുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരൂപയോഗങ്ങളെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം** സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷാരംഭം | അക്കാദമിക വർഷാരംഭം |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| സുസ്ഥിരവികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | **കാടെവിടെ മക്കളെ?** **(ഫീൽഡ് ട്രിപ്പ്, സർവ്വെ)** പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൽ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | **പുതുചക്രവാളത്തിലേക്ക്** സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തിനേടുംവിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ♦ പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | **വെർച്വൽ ഫീൽഡ് ട്രിപ്പ്** ഐ.സിടി സാധ്യതകൾ ഉപയോഗിച്ച് താജ്മഹൽ, ചെങ്കോട്ട, ഹംപി തുടങ്ങിയ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽചരിത്രബോധം വളർത്തുന്നു. | ജൂൺ | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ |
| ♦ ആശയങ്ങൾ, സന്ദേശങ്ങൾ, ലക്ഷ്യങ്ങൾ ഉൾക്കൊണ്ട് സ്കിറ്റ് തയ്യാറാക്കാനുള്ള അവസരം ഒരുക്കുക.<br>♦ സ്കിറ്റ് ഉപയോഗിച്ച് പ്രചാരണം | **സ്കിറ്റ് തയ്യാറാക്കാം.** ബസവണ്ണയുടെ ആശയങ്ങളും സന്ദേശങ്ങളും സ്കിറ്റ് തയ്യാറാക്കി അവതരിപ്പിച്ച് സ്കൂൾ വിക്കിയിൽ അപ്‌ലോഡ് ചെയ്യൽ | ജൂലായ് | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ |
| ♦ സമത്വം സൃഷ്ടിക്കുക.<br>♦ നീതിയും ന്യായവും അംഗീകരിക്കുക.<br>♦ സാമ്പത്തിക വികസനം സംരക്ഷിക്കുക. | **പ്രോജക്ട്** ഇന്ത്യയിൽ ഇന്നുവരെ നടത്തിയ ഭരണഘടനാ ഭേദഗതികളെക്കുറിച്ച് പ്രോജക്ട് തയ്യാറാക്കൽ | ആഗസ്ത് | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ |
| ♦ നിയമങ്ങൾ മനസ്സിലാക്കാൻ<br>♦ നിയമങ്ങളുടെ പ്രവർത്തനരീതി പരിശോധിക്കാൻ | **നിയമ ബോധവൽക്കരണക്ലാസ്** | ആഗസ്ത് | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| ആരും നിയമത്തിന് അതീതരല്ലെന്ന ബോധം ഉണ്ടാക്കാൻ | നിയമവാഴ്ചയുടെ പ്രാധാന്യത്തെക്കുറിച്ചും വിവിധ നിയമങ്ങളെക്കുറിച്ചും നിയമ വിദഗ്ധരുടെ ക്ലാസ് സംഘടിപ്പിക്കുന്നു. | | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ |
| കുട്ടികൾക്കെതിരെയുള്ള അതിക്രമം, ലൈംഗിക പീഡനം, അശ്ലീലത തുടങ്ങിയ കുറ്റകൃത്യങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള നിയമമാണ് പോക്സോ നിയമം | **പോക്സോ ബോധവത്ക്കരണ ക്ലാസ്**<br><br>കുട്ടികളുടെ സുരക്ഷയും പോക്സോ നിയമവും എന്ന വിഷയത്തിൽ നിയമവിദഗ്ധരുടെ സഹായത്തോടെയുള്ള ബോധവൽക്കരണ പരിപാടി | ആഗസ്ത് | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ |
| സ്വാതന്ത്ര്യത്തിന് പ്രാധാന്യം നൽകുക. അനുഭവങ്ങളുടെ പ്രാധാന്യത്തെ പിന്തുണയ്ക്കുക ക്ലാസ് ഭണഘടന മുന്നോട്ടുവയ്ക്കുന്ന മൂല്യങ്ങൾ ഉൾക്കൊണ്ട് ജീവിക്കാൻ പ്രാപ്തനാക്കുക. | **ക്ലാസ് ഭരണഘടന**<br><br>ഇന്ത്യൻ ഭരണഘടനയിലെ ആശയങ്ങളുടെ അടിസ്ഥാനത്തിൽ ക്ലാസ് ഭരണഘടന തയ്യാറാക്കൽ | ആഗസ്ത് | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ |
| ഉചിതമായ സമയത്ത് ഉചിതമായ രീതിയിൽ തീരുമാനങ്ങൾ എടുക്കാനുള്ള കഴിവുണ്ടാക്കുക.<br><br>Safe touch/ secret touch തിരിച്ചറിയുക പറയേണ്ടിടത്ത് നോ പറയാൻ ശീലിക്കുക. | **ലഘുലേഖ തയ്യാറാക്കാം**<br>കുട്ടികൾക്ക് നേരെ നടക്കുന്ന കുറ്റകൃത്യങ്ങൾ ഉണ്ടാകാനിടയുള്ള സാഹചര്യങ്ങൾ തിരിച്ചറിഞ്ഞ് പ്രതിരോധിക്കാനും അതിൽ നിന്ന് രക്ഷപ്പെടാനുമുള്ള പ്രവർത്തനങ്ങളെക്കുറിച്ച് ലഘുലേഖ തയ്യാറാക്കൽ | ആഗസ്ത് | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **നന്മയുടെ ലോകത്തേക്ക്**<br>വെള്ളപ്പൊക്കം, ഭൂമി, കുലുക്കം , ഉരുൾപൊട്ടൽ, കടൽക്ഷോഭം മുതലായ പ്രകൃതിദുരന്തങ്ങൾ വഴിയും അപകടങ്ങൾ, വ്യവസായശാലകളിലെ ദുരന്തങ്ങൾ തുടങ്ങിയ മനുഷ്യനിർമ്മിത ദുരന്തങ്ങൾ വഴിയും അരികുവൽക്കരിക്കപ്പെട്ടവരെ സന്ദർശിക്കാനും അവർക്കാവശ്യമായ സേവനങ്ങൾ ചെയ്യാനും അവസരം ഒരുക്കുന്നു. | സെപ്തംബർ | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ |
| ഗോത്രജനതയുടെ സാമൂഹിക ജീവിതം മനസ്സിലാക്കുന്നു. | **ഊരകം**<br>ഗോത്രജനതയുടെ വാസസ്ഥലം സന്ദർശിച്ച് അവരുടെ പൂർവ്വികരുടെ ജീവിതം, കല, കൃഷി, ഭക്ഷണം, സമകാലിക ജീവിതം, വാദ്യോപകരണങ്ങൾ തുടങ്ങിയവ മനസ്സിലാക്കുന്നു. | സെപ്തംബർ | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ |
| ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി പ്രവർത്തിക്കാനുള്ള മനോഭാവം | **സ്പെഷ്യൽ സ്കൂളുകൾ സന്ദർശനം**<br>ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന വിദ്യാലയങ്ങൾ സന്ദർശിച്ച് ഭിന്നശേഷിക്കാർ നേരിടുന്ന പ്രതിസന്ധികൾ പരിഹാരങ്ങൾ എന്നിവ തിരിച്ചറിയുന്നതിന് | സെപ്തംബർ | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ♦ ഭൂമിയുടെ ഉള്ളറകളിലെ സവിശേഷതകൾ മനസ്സിലാക്കുന്നതിന് | **ശില്പശാല**<br>ഭൂമിയുടെ ഘടനയുടെ മാതൃക നിർമ്മിക്കൽ | സെപ്തംബർ | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ |
| ♦ പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | **വെർച്വൽ ഫീൽഡ് ട്രിപ്**<br>ഐസി.ടി സാധ്യതകൾ ഉപയോഗിച്ച് ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ഉൾപ്പെടുന്ന രാജ്യങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രബോധം വളർത്തുന്നു. | ഒക്ടോബർ | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ |
| ♦ നമ്മുടെ രാജ്യത്ത് നിലനിൽക്കുന്ന ദാരിദ്ര്യത്തെ ഇല്ലാതാക്കുന്നതിന് കേന്ദ്ര - സംസ്ഥാന ഗവൺ മെന്റുകൾ നടപ്പിലാക്കി വരുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ തിരിച്ചറിയുക | **സർവ്വേ നടത്താം**<br>പ്രദേശത്ത് കേന്ദ്രസംസ്ഥാന ഗവൺമെന്റുകൾ നടപ്പിലാക്കി വരുന്ന ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളിൽ ഉൾപ്പെട്ടവരുടെ സർവ്വേ നടത്തുന്നു. | നവംബർ | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ |
| ♦ വിഷയത്തിന്റെ വിശദീകരണം<br>♦ പഠനത്തിന്റെ വിവരങ്ങൾ നൽകുക.<br>♦ ആശയങ്ങൾ പ്രത്യക്ഷപ്പെടുത്തുക.<br>♦ പ്രകടനങ്ങൾ സൃഷ്ടിക്കുക. | **സെമിനാർ**<br>ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളും ദാരിദ്ര്യ ലഘൂകരണവും എന്ന വിഷയത്തിൽ ഒരു സെമിനാർ റിപ്പോർട്ട് തയ്യാറാക്കുന്നു. | നവംബർ | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ |
| ♦ ദാരിദ്ര്യനിർമ്മാർജ്ജനത്തിന് കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ എത്രത്തോളം സഹായകരമാണെന്ന് മനസ്സിലാക്കുന്നതിന് | **അഭിമുഖം**<br>കുടുംബശ്രീ പ്രവർത്തകരുമായി അഭിമുഖം നടത്തുന്നു. | നവംബർ | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ |

# ഹിന്ദി

**ലക്ഷ്യങ്ങൾ**

- ഹിന്ദി ഭാഷയോടുള്ള താല്പര്യം കുട്ടികളിൽ ജനിപ്പിക്കുക.
- ഹിന്ദിഭാഷ പഠിക്കുന്നതിന്റെ ആവശ്യം കുട്ടികളെ മനസിലാക്കുക.
- രാഷ്ട്രഭാഷ എന്ന നിലയിൽ ഹിന്ദി പഠനത്തിന്റെ പ്രാധാന്യം മനസിലാക്കുക.
- കരിക്കുലം ലക്ഷ്യമാക്കുന്ന പഠനനേട്ടം കൈവരിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക.
- ഭാഷാപഠനത്തിൽ പരിമിതിയുള്ള കുട്ടികളെ അത് മറികടക്കുവാൻ സഹായിക്കുക.
- ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും ഹിന്ദി ഭാഷ സംസാരിക്കാനുള്ള സാഹചര്യം സൃഷ്ടിക്കുക.
- ഹിന്ദി ഭാഷാ പഠനത്തിലൂടെ ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും കുട്ടികളിൽ വളർത്തിയെടുക്കുക.
- വായനയിലൂടെ അറിവ് നേടുന്നതിനായി ചിത്രകഥാ പുസ്തങ്ങൾ കുട്ടികൾക്ക് നൽകുക.
- ഹിന്ദി ഭാഷ എഴുതാനും വായിക്കാനുമുള്ള കഴിവ് എല്ലാ കുട്ടികളിലും ആർജിക്കുക.
- ഭാഷാ വ്യവഹാരത്തിൽ തെറ്റുകൂടാതെ എഴുതുവാനുള്ള ശേഷി വികസിപ്പിക്കുക.
- സ്വന്തം ജീവിതം മെച്ചപ്പെടുത്തുന്നതിന് ഹിന്ദി പഠനത്തെ പ്രയോജനപ്പെടുത്തുന്നതിനുള്ള കഴിവും മനോഭാവവും വളർത്തുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| **5,6,7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ** ഹിന്ദി അഞ്ചാം തരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ , അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകൻ |
| **ഹിന്ദി വായന :** തെറ്റു കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും, മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി.ഡി താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകൻ |
| **ഹിന്ദി സംസാരം** ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിയപ്പെടുത്തും. | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്നവരെ ക്ലാസിൽ കൊണ്ടുവരും.<br><br>വായനയ്ക്ക്................<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും. മത്സരവായന തെറ്റാതെ ആവർത്തിക്കാതെ പാസില്ലാതെ കൂടുതൽ വരി വായിക്കണം. ആകുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകൻ |

# അക്കാദമിക് പ്ലാൻ - സംസ്കൃതം

**ലക്ഷ്യങ്ങൾ**

- ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം. സംസ്കൃത ഭാഷയുടെ മാധുര്യം നുകരാൻ കുട്ടികൾക്ക് അവസരങ്ങളൊരുക്കുക.
- എല്ലാ കുട്ടികളെയും സംസ്കൃതഭാഷയിലൂടെ ആശയം പങ്കുവെയ്ക്കാൻ പ്രാപ്തരാക്കുക.
- ഭാഷാവ്യവഹാരങ്ങൾ തെററുകൂടാതെ എഴുതാനും വായിക്കാനും സജ്ജരാക്കുക.
- സംസ്കൃത പഠനത്തിലൂടെ ജീവിത്തതിലുടനീളം നിലനിർത്തേണ്ട ധാർമ്മിക മൂല്യങ്ങളെപ്പറ്റി കുട്ടികളെ ബോധവാന്മാരാക്കുക.
- പുരാണങ്ങളും ഇതിഹാസങ്ങളും മറ്റ് സംസ്കൃതമാസികകളും പരിചയപ്പെടുത്തുക. അതുവഴി വായനയുടെ വിശാലമായ ലോക്തതേക്ക് കുട്ടികളെ എത്തിക്കുക.
- വ്യത്യസ്ത കഴിവുകളുള്ളവർക്ക് ചിത്രസഹായത്തോടെ ഐ.സി.ടി സാധ്യത ഉപയോഗിച്ചുള്ള പഠനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം ഭാഷയെക്കുറിച്ച് കൃത്യമായ അവബോധം കുട്ടികളിൽ സൃഷ്ടിക്കുന്നു. | ഭാഷാജ്ഞാനം - പൊതുബോധം സൃഷ്ടിക്കൽ<br>അക്ഷരം എഴുത്ത്<br>അക്ഷര കാർഡ്<br>ചിഹ്നം ഉറപ്പിക്കൽ<br>വാക്കുകൾ എഴുതിയ കാർഡ്<br>ക്ലാസിൽ അക്ഷരമാലാ പ്രദർശനം<br>അക്ഷരമാലാകൾ<br>അക്ഷരമരം നിർമ്മിക്കൽ | ജൂൺ, ജൂൺ | അധ്യാപിക |
| വിവിധ വ്യവഹാരങ്ങളിലൂടെ പഠിതാവ് സംസ്കൃത ഭാഷയിലൂടെ ആശയം പ്രകടിപ്പിക്കുന്നു. | നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃതപദങ്ങൾ കണ്ടെത്തുന്നു. | സെപ്തംബർ, ഒക്ടോബർ | അധ്യാപിക |
| വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതും, ഉപയോഗിക്കുന്ന തുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക) | വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക.<br><br>ഐ.സി.ടി സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം ഒരുക്കുക. | സെപ്തംബർ, ഒക്ടോബർ | അധ്യാപിക |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വായനാലോകം കുട്ടിയെ വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തുക | പാഠഭാഗങ്ങൾ, സംസ്കൃതചെറുകഥാ കാർഡുകൾ, മാസികകൾ, ഇവ ഭാവത്തോടെ ക്ലാസിൽ ഉറക്കെ വായിച്ച് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക.<br><br>കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അസംബ്ലിയിൽ അനുമോദിക്കുന്നു. | അക്കാദമിക വർഷം മുഴുവൻ | അധ്യാപിക |
| ജീവിതത്തിലുടനീളം പുലർത്തേണ്ട ധാർമിക മൂല്യങ്ങൾ പകർന്നു നൽകുന്നു. | ധാർമ്മിക മൂല്യങ്ങൾ ഉറപ്പുവരുത്താനായി പുരാണങ്ങളും കുട്ടികൾക്ക് അധ്യാപിക പറഞ്ഞുകൊടുക്കുന്നു. വായനയ്ക്കായി ലളിതമായ പുസ്തകങ്ങൾ നൽകുന്നു. കുട്ടിക്ക് അവതരിപ്പിക്കാനായി അവസരം നൽകുന്നു.<br><br>മൂല്യബോധം ഊട്ടിയുറപ്പിക്കാനായി നല്ല സുഭാഷിതങ്ങളും ശ്ലോകങ്ങളും കുട്ടികളെ പരിചയപ്പെടുത്തുന്നു. | ജൂൺ-മാർച്ച് | അധ്യാപിക<br><br>അധ്യാപിക |
| കരിക്കുലം ലക്ഷ്യം വെക്കുന്ന സംസ്കൃത ഭാഷാ പഠനനേട്ടങ്ങൾ കൈവരിക്കുന്നുണ്ട്<br><br>മത്സരപരീക്ഷകൾക്ക് തയ്യാറാക്കൽ . | ക്ലബ്ബ് രൂപീകരണം പഠനോപകരണനിർമ്മാണം, ഗൃഹസന്ദർശനം പഠനയാത്ര<br><br>ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു. മാതൃകാ പരീക്ഷകൾ നടത്തുന്നു. മാതൃകാചോദ്യപേപ്പറുകൾ തയ്യാറാക്കൽ | ജൂൺ- മാർച്ച് | അധ്യാപിക |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ആസ്വാദനലോകം (ഓരോ കുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കുവാനും സഭാകമ്പം ഒഴിവാക്കുന്നതിനും ആത്മവിശ്വാസം വളർത്താനും വേണ്ടി) | നാടകം, കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു.<br>കഥ പറച്ചിൽ, പ്രസംഗം കവി................ തുടങ്ങി വിവിധ വ്യവഹാരങ്ങളിലൂടെ ആഴ്ചയിലോ മാസത്തിലൊന്നോ ക്ലബ്ബ് കൂടിയിരുപ്പുകൾ നടത്തുമ്പോൾ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം മുഴുവൻ | അധ്യാപിക |
| പ്രത്യേക പരിഗണന അർഹിക്കുന്നവർക്കുള്ള പ്രവർത്തനങ്ങൾ | പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.<br>പ്രത്യേകം ക്ലാസുകൾ നൽകുന്നു.<br>ഗൃഹസന്ദർശനം നടത്തുന്നു. | അക്കാദമിക വർഷം മുഴുവൻ | അധ്യാപിക |

# ഉർദു

**ലക്ഷ്യങ്ങൾ**

- ഉർദു ഭാഷാ പഠനത്തിൽ കുട്ടികളെ അതിന്റെ പൂർണരീതിയിൽ എത്തിക്കുക.
- കരിക്കുലം ലക്ഷ്യമാക്കുന്ന ഉർദുഭാഷ പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും ആർജ്ജിക്കുക.
- ഉർദു ഭാഷാ പഠനത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കുവാൻ പിന്തുണ ലഭിക്കുക.
- ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും ഉർദു ഭാഷ സംസാരിക്കുവാനും കേട്ടു മനസ്സിലാക്കുവാനുമുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക.
- ലോകഭാഷകളിൽ മുന്നിട്ടുനിൽക്കുന്ന പ്രധാന ഭാഷ എന്ന നിലയിൽ വായനയിലൂടെ അറിവ് നേടുന്നതിനുള്ള സാഹചര്യം ക്ലാസ് റൂമിൽ ഒരുക്കുക.
- ഉർദുഭാഷയിൽ വായനശീലം വളർത്തുക.
- ഉർദു ഭാഷയിൽ വ്യവഹാരങ്ങൾ തെറ്റുകൂടാതെ എഴുതാനുള്ള ശേഷി വികസിപ്പിക്കുക.
- ഉർദുഭാഷാ പഠനത്തിൽ ഐ.ടിയുടെ സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവും ശേഷിയും നേടുക.
- ഉർദുഭാഷാ പഠനശേഷി വികസിപ്പിക്കുക. ഭാഷാ പഠനത്തെ മതേതരത്വ ജനാധിപത്യ ബോധം വികസിപ്പിക്കുന്നതിന് പ്രയോജനപ്പെടുത്തുക.
- ഭാഷാപഠനത്തിലൂടെ പാർശ്വവത്കരിക്കപ്പെട്ട കുട്ടികളുടെ നേർധാരയിൽ എത്തിക്കുന്നതിന് സഹായം നൽകുക.
- സ്വന്തം ജീവിതം മെച്ചപ്പെടുത്തുന്നതിന് ഉർദു ഭാഷാപഠനത്തെ പ്രയോജനപ്പെടുത്താനുള്ള കഴിവും മനോഭാവവും വളർത്തുക.
- ദേശീയമൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് ഭാഷാപഠനത്തെ പ്രയോജനപ്പെടുത്തുക.
- ക്ലാസിൽ ഇലകൾ ആസ്വദിക്കാനും അവതരിപ്പിക്കാനും ശേഷി നേടുക.
- ലോകഭാഷ എന്ന നിലയിൽ ഉർദു ഭാഷയുടെ പഠനത്തിന്റെ താല്പര്യം വളർത്തുക.

| ലക്ഷ്യം | പ്രവർത്തനം | ക്ലാസ് | ചുമതല |
|---|---|---|---|
| മുഴുവൻ കുട്ടികൾക്കും ലഘു വാക്യങ്ങൾ വായിക്കാൻ സാധിക്ക ണം | **വായന**<br>തിരഞ്ഞെടുത്ത ലളിതമായ 10 പുസ്തക ഉർദു ലൈബ്രറി<br>30 ഉർദു കഥ ബുക്ക്<br>20 ഉർദു ചിത്രകഥ ബുക്ക്<br>20 ഉർദു കൊച്ചു പദ്യബുക്ക്<br>30 ലേഖന വിവരണ ബുക്ക്<br>1 ഉർദുക്വിസ് ബുക്ക് | 5,6,7 | ഉറുദു അധ്യാപിക |
| മോഡ്ൽ നൽകി മത്സരം നടത്തി. നല്ലത് കണ്ടെത്തി വീണ്ടും ശരിയാക്കി A4 വൃത്തി യിൽ എഴുതി (ചിത്രം) കളർ നൽകി ലാമിനേഷൻ ചെയ്ത് വായനാകാർഡ് നിർമ്മിക്കുക. | **എഴുത്ത്**<br>ക്ലാസ് മാസിക നിർമ്മാണം<br>ചുമർ പത്രിക നിർമ്മാണം<br>വായനാ കാർഡ് നിർമ്മാണം | 5,6,7 | ഉറുദു അധ്യാപിക |
| പാടാനും പറയാനും കഴിയുന്ന മികച്ച പ്രതിഭകളെ കണ്ടെത്തി മറ്റുള്ള കുട്ടികളെ ആസ്വദിപ്പിക്കുവാനും ശ്രമിക്കുവാനും അവസരം സൃഷ്ടിക്കാൻ രണ്ടാഴ്ചയി ലൊരിക്കൽ ആസ്വാദന സഭ ചേരുക. | **ആസ്വാദനം**<br>മുൻകൂട്ടി പ്ലാൻ ചെയ്യണം. ഒരിക്കൽ പാടിയ /പറഞ്ഞ കുട്ടികളെ അടുത്ത സഭയിൽ ആസ്വാദകരമാകണം (എന്നും ഒരാൾ പാടരുത്. എൽ.സി.ഡി ഉപയോഗിച്ച് 10 കഥകളുടെ പാട്ടുകളുടെ / ഹ്രസ്വഫിലിം/ തമാശകളുടെ വീഡിയോ കേൾപ്പിക്കുക.<br><br>ഉദാ: ആലിബാബയുടെ കഥ<br>മുല്ല നസ്റുദ്ദീൻ കഥ | 5,6,7 | ഉറുദു അധ്യാപിക |
| സ്കൂളുകളിൽ പ്രതിഭകൾക്ക് മാത്രം വിജയം പോരാ. എല്ലാവരും വിജയി എന്നതിലേക്ക് വ്യത്യസ്ത കാറ്റഗറിയിൽ മത്സരം നടത്തുക. | **മത്സരങ്ങൾ**<br>ക്വിസ്<br>പദനിർമ്മാണം<br>പദപ്രശ്നം<br>വേഡ് ഹണ്ടിംഗ്<br>കളറിംഗ്<br>മെമ്മറി ടെസ്റ്റ്<br>ഗദ്യവായന<br>കഥപറയൽ | 5,6,7 | ഉർദു അധ്യാപിക |

| ലക്ഷ്യം | പ്രവർത്തനം | ക്ലാസ് | ചുമതല |
|---|---|---|---|
| സ്കൂളിൽ നടക്കുന്ന ദിനാചരണങ്ങളിൽ കുട്ടികൾ ചാർട്ട് പേപ്പറിൽ അധ്യാപകന്റെ സഹായത്തോടെ പോസ്റ്റർ നിർമ്മാണം. | **ദിനാചരണങ്ങൾ**<br>ഉദാ: ഹിരോഷിമ ദിനം ഓഗസ്ത് 6 ഈ ഭാഗം മാത്രം ഉർദുവിൽ എഴുതി ലോകസമാധാനവുമായി ബന്ധപ്പെട്ട ഒരു ചിത്രം മാത്രം തെരഞ്ഞെടുത്ത 20 ദിനാചരണത്തിൽ മാറിമാറി കുട്ടികൾ പോസ്റ്റർ നിർമ്മിക്കാൻ അധ്യാപകൻ മുൻകൂട്ടി പ്ലാൻ ചെയ്യണം. | 5,6,7 | ഉർദു അധ്യാപിക |
| ഉർദു ദിനത്തിലോ അല്ലാ ത്തതോ ഒരു മുഴുവൻ സമയ/ ഓഫ് ഡേ ഉർദു ഫെസ്റ്റ് നടത്തുക. | **ഉർദു ഫെസ്റ്റ്**<br><br>ഉദ്ഘാടനം<br>ആദരിക്കൽ ഇതുവരെ സ്കൂളിൽ നടത്തിയ ഉർദു മത്സരങ്ങളുടെ സമ്മാനദാന ചടങ്ങ്.<br>മികച്ച ഉർദു കലാ അവതരണം<br>തൊട്ടടുത്ത ഉർദുവുമായ് ബന്ധപ്പെട്ട കവികൾ / പണ്ഡിതർ ആദരിക്കൽ | 5,6,7 | ഉർദു അധ്യാപിക |
| ഉർദു ടൈപ്പിംഗ് ഉർദുവിൽ ഡിജിറ്റർ ബാനർ തയ്യാറാക്കൽ | അഞ്ചാം ക്ലാസിൽ ഉർദു ടൈപ്പിംഗ് പരിചയപ്പെടുത്തുക.<br>ആറ്, ഏഴ് ക്ലാസുകളിൽ വായനാ കാർഡ്, പോസ്റ്റർ തുടങ്ങിയവ നിർമ്മിക്കുക. | 5,6,7 | ഉർദു അധ്യാപിക |

# ഉപസംഹാരം

അക്കാദമിക് മാസ്റ്റർ പ്ലാനിന്റെ വിവിധ ഘട്ടങ്ങളിൽ സഹായിച്ച മാനേജ്മെന്റ്, പി.ടി.എ, എം.പി.ടി.എ , അധ്യാപകർ, അനധ്യാപകർ, സഹൃദയർ എന്നിവർക്ക് നന്ദി രേഖപ്പെടുത്തുന്നു.